अहं ब्रह्मेति निश्चित्य
अहंभावं परित्यज

ശ്രീധരന്റെ

# വേദ വേദാന്ത സമന്വയം

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O. പുതുപ്പള്ളി

കായംകുളം

ॐ

ശ്രീധരന്റെ

# വേദ വേദാന്ത സമന്വയം

ഗുരുകിരണമതിൽതാൻ
സഞ്ചരിച്ചങ്ങെദഫേഷ്ടമേ

ഒളിവെളിവാർന്നുവന്നാൽ
കരകവിയും പ്രഭ ആരുവാൻ മതിക്കും

പൊരുളരുളതായാൽ
ആത്മവാനാരുവാൻപോൽ

ആർ. ശ്രീധരൻ നായർ

പ്രസാധകർ

ശ്രീധരദേശം ട്രസ്റ്റ്

ഗോവിന്ദമുട്ടം P. O. പുതുപ്പള്ളി

കായംകുളം

Malayalam
Veda Vedanda Samanuayam
വേദ വേദാന്ത സമന്വയം

Author
**R. Sreedharan Nair**

Published by:
**Sreedhara Desam Trust**
Govindamuttam P. O.
Puthuppally, Kayamkulam.

Printed at
**Falcon-Kottayam**

Copies 500
Copyright Reserved

20th November 1988
5th Vrichikom 1164

ഓം

ശ്രീഗുരവേ നമഃ

I shall try to give you a brief but lightning sketch of certain points I have expounded in my works which are the notes of my teachings to the aspiring students of Vedanta, here at Kerala-Sree dharadesom-Govindamuttom p. o., Puthuppally, Kayamkulam.

The human creatures die at every moment due to his wrong conception. If this wrong concept is avoided, you can reach the position of universal intellect or the total conciousness.

He who forgets his self is either facing death or he slaughters himself and this is truly 'Atmahatya.' Philosophers of the high order take this as a curse.

If you are not going to fight with the aid of consciousness, you cannot reach the ultimate position of consciousness intellect. So, earn that, even if you see that it is not easy.

Similarly, the interpretations of the Vedanta cannot be taken as it is. I shall show you an example of the 'Thena thekthena Bhungeethuathe' of the 'Easavasya'. There should be a fearless approach to apprehend the self speaking ideals enhanced in that. That is by renunciation of the perfect type one can regain one's 'Bodha' perfect. All that is contained in the universe or all the universe itself belongs to 'God paramatma' The

individual or the seemed individual 'Atma' is asked to renunciate in the most perfect manner, his desire to enjoy the it universe. Here you will come to understand that your 'Atma' is perfect. independent of all, and is 'Sachidananda' itself. The bliss you enjoy here is enormous and unaccountable.

This is the position that all of us seek. Here the 'Upanishats' clearly express that nothing to be done other than the renunciation of desire and that alone. This ideal is expounded throughout the length and breadth of Vedanta.

Another point of discussion is how to reconcile devotion, 'karma' 'yoga' and 'Gnana'. Devotion should never be begging. 'Atma' is as great as any God and 'Atma' is one's own self. So, devotion the 'Prema' turned towards one's own self is highly pure and rich and hence it is called 'Parama prema' 'Bhakthi'. As it collaborates with 'Atma' it is 'yoga 'also.

Inspite of this, the passion, an instinct of creatures, the cause of one's birth, directed towards an imaginary or an illusory aspect is not worthy of the word 'Prema or Bhakthi'.

Similarly, the Energy construed by humanity as necessary for the existence of the world or his self is as misapprehensive as the child play to catch his own shadow.

The 'Gnana' and 'Karma' which are entirely different as light and shadow exists at the same

time due to a third agent. And this third agent is pointed out as 'Avidya' or 'Maya'.

Whether willingly or not every one do work that is 'Karma' caring or caring not the result. The 'Veda' accepts this 'Vada' and encourages the highly nccessary 'Karmas.' Almost all the'Vedantins' also accept the 'Vada' of 'Nishkamakarma'.

Man lives - living is 'Karma'—Man eats - eating is 'karma'—Man drinks - drinking is 'karma' - Man breathes - breathing is 'karma'.

Who lives without 'Karma'. So, 'nishkama karma' is acceptable. Hence 'Veda' and 'Vedanta' are compelled to follow that. All the Puranas, all the Geethas and even the marvellous Avadhootha Geetha of the Avadhootha 'Sree Dethathreya' starts with the statement:-

"Iswaranugrahadeva
Pumsamadwithavasana
Mahadbhaya parithranad
Vipranam upajaythe".

This is a confession of the great saint that even he who follows the path of Adwaitha must have the blessing of God. Even the great souls who satisfies with the purest of 'Shishtacharas' is a prey of God, a prey of work in 'Karma'.

These are a play that is excavated by God to cherish the playish Atmas. The first of all Upanishad. The Easavasya deliberately states that Atmas shall not interfere with God's world which is not theirs i.e, the Atmas'.

Only by plunging into the deep depths of this miraculous world, we can study how it occurs, how it can be maintained and how it can be destroyed.

Beginning from the cause of the universe and tracing certain unnoted but notable incidents we can push on to the vast ocean of Maya' – the illusion - the inexplicable facts of pursuit after knowledge.

God is the most suitable and just judge to examine the merit and demerit of the all individually seen phenomena as well as the total. This is one version. Another version is if you do a 'karma' you can reap the fruit without any hindrance and there is no necessity for a third person, a broker or an umpire. 'Yoga' says that the 'yogi' wants none others, 'yoga' is self evident and self fruit bearing. 'Gnany' says that he himself is 'Atma' he has nothing wanting. He came from 'Purna' and from 'purna' none other than 'purna' can arise' And so he is free for ever. The devotionalist, the 'Bhakta' preserves a third person God and in some cases he will claim over an individual subconsciously and take it as God or God's Viceroy. But devotion attached to no vicious motives or even that of worldly motives points towards one's own self even in the midst of suffocative circumstances, is like a magnetic needle directed towards north alone even it is in the mid ocean. Such pure devotion is free from pollution and is rich and efficient to lift you to the position of 'Atma'.

In my endeavour to study the high validity of the truths of 'Vedas' and 'Vedanta', I came across with thousands of facts, the play of life in beasts or animals and birds, plants and matter, all wonderful. How they work, how they co-operate, all are extremely beautiful. The Atmas live as single and lives co-operatively creating a universe of its own or of Gods as the sun reflects in the bubbles separately as well as in the tank totally. Here the 'Vedanta' expose the realised truths and elaborates virtuously the facts of knowledge. One cannot explain how sweet they shine in the deep depths of 'Chitsagara'. Dive deep and enjoy the lovely and sweet nectar of 'Ananda.'

The universe shines in you and you shines as the centre of the universe. Rubbing out all these read the signs of wordless, letterless and soundless conveyance of knowledge'The Albhuthalalbhutham'.

The veda explains the world and 'pralaya' wihout any fallacy and the 'Vedanta' the final knowledge tells you that before 'pralaya' i.e, before the world's existence, there is existence, not 'pralaya' existence, existence alone without any 'Mizhip or Azhip' the 'Brahma or Bodha'. Here is 'Bodha' is ever existent and fully Bliss. The Veterans of 'vedanta' reached this ideal and found himself as 'Sachidananda'. When 'Bodha' stands alone it is Bliss existence. But, when he sees the world, he is attached with fear for he is fettered by 'Avidya' telling that he is separate from the world and the world around him is uncontrollable. This 'Vidya' which generates fear is 'Maya' the energy of 'Paramatma'.

If you take your starting from here, you are fettered and no relief. But, start from the eternal begining, you will find that there is no possibility of a world real, i.e., 'Paramarthika Sattha' for the world. The energy of 'Paramatma' is so fierce and shines terrible that one sees its power as a from of the world. By understanding this, one can avoid the fear that what you see is your own power.

One more point I shall remind you is the fire you create outside and the fire inside are all the same. The fire outside when extinguished exists in the form of 'Attoms' and the fire you unknowingly keeps in the body also exists in the form of attom energy and hence both the same. Similarly, the 'Paramatma' the 'Upadana' 'Karana' of prapancha works in the body and outside the body are one and the same.

Hence, 'Atma' in the body and 'Paramatma' outside are one and the same. So, oneself is fettered and another unfettered is non-intelligible.

Sadhu Sreedharan Nayar.

# ഓം

## ശ്രീഗുരവേ നമഃ

ബ്രഹ്മം നിൻ ഗീത ചൊൽവാൻ
കൊതി അധിക—

മുണ്ടെന്നു വന്നുവെന്നായീടിലും

വൻകൊതി അതിലുണ്ടെന്നു
വന്നീടിലും

പ്രാൎത്ഥിച്ചനുഗ്രഹം വാങ്ങി
അങ്ങെഴ—

ുതുവാനന്യനാമാളില്ലായ്കയാലോ

തോന്നുന്നില്ലിവനു സങ്കല്പ ജാലം

അതിനു നീയെങ്ങുമില്ലായ്കയാലോ

ഭാഷാനൈപുണിയകന്നങ്ങുമാറി

തെററി നില്ക്കുകയാകകൊണ്ടോ എന്തോ

അമ്മേ എൻ വാസനയററ
ങ്ങേകാകി—

യായി ഞാൻ തീൎത്തും മാറുക കൊണ്ടോ

ആരോടാണോതുവതിന്നാളാരു താൻ

★

# ഓം

## ശ്രീഗുരവേ നമഃ

ഈശ്വരാ! ഞാനെൻെറ അച്ഛനെ
ഒന്നു കണ്ടോട്ടേ
ഈശ്വരാ! ഞാനെൻെറ അമ്മയെ
ഒന്നു കണ്ടോട്ടേ
ഞാനൊന്നു ധ്യാനിച്ചോട്ടേ
ഈശ്വരാ! ഞാനെന്നെ എങ്കിലു—
മൊന്നു കണ്ടോട്ടേ
ഒന്നു ധ്യാനിച്ചോട്ടെ.
ഓ! അതും സമ്മതിക്കില്ലേ
ഇരുട്ടിലാണ്ടിരുപ്പവൻ
നഗ്നനായിരുന്നാലും
ഉടലതു കാണുന്നില.
ഈശ്വരാ! നിൻ ശരീര—
കവചമിട്ടോൻ
എങ്ങനെ കാണും തന്നെ
ബ്രഹ്മമേ നിന്നെ മറയ്ക്കാൻ
കവചം നീ കൊടുത്തെന്നോ?
കണ്ണുപൊത്തി ഇരുട്ട—
തു കണ്ടീടുന്നോ?
ഈക്ഷണം സുദർശന
മെടുത്തങ്ങു പ്രപഞ്ചം
കണ്ടീടുന്നോ
ശത്രുവേ സൃഷ്ടിക്കുന്നോ
തന്നെ താൻ മറക്കുന്നോ
മരിക്കാൻ ശ്രമിക്കുന്നോ

iii

ക്‌നാവത്തു കുണ്ടീടുന്നോ
മരിക്കാൻ ജനിക്കുന്നോ

നിറുത്തു നിറുത്തു നിൻ
കളിയവിടെ നിറുത്തു നീ
ഞാനൊന്നു കാണട്ടെന്നെ
ഞാനൊന്നു കണ്ടോട്ടെന്നെ

കരഞ്ഞാലും വിളിച്ചാലും
കേൾക്കാത്ത ദൈവമോ

അന്യനെ വിളിച്ചിട്ടാ
കാണാത്ത തെന്നെ, കുഞ്ഞെ!
ഞാൻ നിന്നിലിരുപ്പോനാൺ
ഞാനല്ലാ നീയില്ലെന്നിരിക്കെ
എന്തിനായ് അന്യഭാവം
ആ അന്യഭാവം തോന്ന
ലാണെടോ അവിദ്യാശക്തി

ആ ഞാൻ നീ താനായാൽ
ആയതേ വിദ്യാശക്തി

പാടു പാടു മനമേ
ആനന്ദാലാറാടു മനമേ
നീ കാണും മഹാത്മാതാൻ
ആത്മാവതറികെടോ
ആയതേ ബ്രഹ്മം ബ്രഹ്മം

പാടു പാടു മനമേ
ആനന്ദേ ആറാടു മനമേ.

★

# ഓം

## ശ്രീഗുരവേ നമഃ

ഗംഭീര മഹാംബോധി പ്രളയജല
മായ്നിന്നങ്ങിരമ്പി മറിയുമ്പോഴും
ജീവനങ്ങെവിടെ പോകും
ജീവജാലങ്ങളെവിടെ

ആയതു താങ്ങീടുമാ ആകാശം
അനന്തം ദേശോപമം.
ലോകത്തെ മൂടി മറച്ചു കാട്ടുന്നു
ദേശമാമത്ഭുതാകാരൻ

ദേശത്തെ ശൂന്യമാക്കാതെ നില
നിർത്തി കാക്കുന്നു ആകാശാണു
ആ അതാ അതിന്നിടേൽ പര—
ന്നങ്ങു വിലസുന്നു കാലഘോരൻ
അവനോ എല്ലാമേ വിഴുങ്ങി
അദ്ദേശംപോൽ നിലനിൽക്കുന്നു.
ദേശമങ്ങെവിടെയുണ്ടങ്ങ—
വിടെയുണ്ടാകാശവും കാലവും.

കാലകാലൻ വരുന്നേരം
കാലദേശങ്ങളവിടില്ലാ
ആകാശമൊട്ടുണ്ടായുമില്ല.

അവനത്രേ ബ്രഹ്മം— സാക്ഷാത്
ശ്രീധരാത്മാവുമവനത്രേ
അവനെത്താനറിയേണം
തന്നെ താനറിയും പോലെ.

★

# ഓം

## ശ്രീഗുരവേ നമഃ

ഉണരുണരു ഭാരതാ
വാസ്തവം കേൾക്കുവാൻ

ആത്മാവതാരെയും
ദ്രോഹിക്കയില്ലെടോ

ആത്മാവെന്നോതിയാൽ
ബ്രഹ്മം താനോക്കെടോ

അണുവിന്നുമണുവതായ്
സൂക്ഷ്മമായ് കാണുമ്പോളാത്മാ—
വെന്നോതും ബുധജനം

വിശ്വം നിറഞ്ഞങ്ങു
ബൃഹത്തായ് കാണുകിൽ
ബ്രഹ്മമെന്നോതുമേ
ബുധജനമാകവേ
ഇതുരണ്ടുമേകമായ്
ചൊല്ലുമേ വേദാന്തം

വലിയ വളയത്തൂടെ
ചാടുന്ന കായികൻ
വളയമില്ലാതെയും
ചാടുന്നതില്ലയോ

വിപുലത്തിൽ വിപുലമാം
ബ്രഹ്മമായ് നിൽക്കുവാൻ
സൂക്ഷ്മത്തിൽ സൂക്ഷ്മമാം
ആത്മാവിനു സാധ്യമാം
അതുകൊണ്ടു നിറവുററു
നിലകൊൾകയല്ലാതെ
മററെന്തു ചെയ്യേണ്ടു
മാനവാ ആത്മവാൻ

★

# ഓം

## ശ്രീഗുരവേ നമഃ

നിതാന്തം പ്രാത്ഥനചെയ്യും മനുഷ്യന്
സാദ്ധ്യമതാകാം പലതും ഉലകിൽ

കമ്മംപലതും ചെയ്യും മനുഷ്യനും
സാദ്ധ്യമതാക്കാം പലതും ഉലകിൽ

ബോധമുണ്ടി തീത്ഥമതാടിയാൽ
മോചനമല്ലാതെന്തു ഫലം

ജനിച്ചു വീണാൽ തൊഴാനല്ലാ
തൊഴവതു ധമ്മമല്ലാ

പ്രാത്ഥിപ്പതിനോ, പാപിയായോൻ
ജനിച്ചതുമില്ലുലകിൽ

സവ്വം ബ്രഹ്മം എന്നങ്ങിരിക്കേ
എന്തോന്നുചെയ്യവേണം

അഹമതു ബ്രഹ്മം ആത്മാബ്രഹ്മം
ആരെ തൊഴണം ഞാൻ

ആത്മാമാത്രം ആത്മാമാത്രം
ആത്മാമാത്രം ഞാൻ

നിതാന്ത വിശ്രമമേററു സുഖിക്കം
ആത്മാമാത്രമഹം.

# ഓം

## ശ്രീഗുരവേ നമഃ

സാധുവായ്‌ സാധുവായ്‌
സാധുവായ്‌ ഞാൻ
സാധുക്കളിൽ വച്ചു
സാധുവായ്‌ ഞാൻ
അപ്പോഴം ഞാനോത്തു
പോയ്‌, ശ്രീവസിഷ്ഠം
ശ്രീവിശ്വാമിത്രനു
കാട്ടികൊടുത്തതും
എന്നാലും ഞാനെന്തിനു
മാറിപോണം
ഒന്നുമില്ലാതായ
ആത്മമാത്രൻ
സാധുവായ്‌ സാധുവായ്‌
സാധുവായ്‌ ഞാൻ
അന്യമില്ലാത്തോരു
സാധുവായ്‌ ഞാൻ
ആനന്ദമാത്രനാം
ആത്മാമാത്രം
ഞാൻ പാടും പാട്ടു നീ
കേട്ടിട്ടുണ്ടോ

'ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ ബ്രഹ്മമേ'
പാടുന്നതാരാണ്‌
ഞാനായതാരാണ്‌
'ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ ബ്രഹ്മമേ'
ഈ പാട്ടുമാത്രം നീ—(ഞാൻ)
പാടി നടന്നീടു—ം
'ബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമേ ബ്രഹ്മമേ'

★

# ഓം

## ശ്രീഗുരവേ നമഃ

ബ്രഹ്മമേ നീ എങ്ങനെ ഈ
ജീവനായിട്ടണിനിരന്നു
ബ്രഹ്മമേ എന്തിനായ് നീ
ജീവനങ്ങളെ ഇരുപ്പാക്കി

ചൊല്ലിടാം ഞാൻ കൊച്ചുകുഞ്ഞേ
അടുക്കടുക്കായ് പറഞ്ഞു തരാം
കേണരുളാൻ കാരണങ്ങൾ
ഒന്നു മൊന്നുമില്ലെന്നോർക്ക

ആപത്തൊന്നു മുണ്ടായില്ലാ
അന്ധകാരം പടർന്നില്ലാ
സർവേശ്വരൻ ബ്രഹ്മത്തിന്നു്
സർവ്വജ്ഞത്വം കൂടെയുണ്ടു്
സർവ്വശക്തനാണവനും

എന്നെങ്കിലുമിതുപടി
ചേററിൽ വീണ കഥയില്ല
ശ്രുതി അതു ചൊല്ലുന്നില്ല
മഹത്സമ്മതവുമില്ലാ

ജീവനായി തോന്നുവതു
സർവ്വജ്ഞമാം ബ്രഹ്മം തന്നെ
ജീവനായി തോന്നിപ്പതും
സർവ്വജ്ഞമാം ബ്രഹ്മം തന്നെ

തോന്നലെല്ലാമവൻ ശക്തി
തോന്നിപ്പതുമവൻ ശക്തി
വേറാളാണ നീയെന്നാകിൽ
സത്യാഗ്രഹം ചെയ്യൂ കുഞ്ഞേ

നീയുമല്ല നിൻേറതുമല്ലാ
കെട്ടെന്നാകിൽ
പൊട്ടിച്ചെറിട്ടൂരെ കുഞ്ഞേ
ബ്രഹ്മമെന്നും ബ്രഹ്മം തന്നെ
ജീവനായി വേറൊന്നില്ല
ദേശമായി കാണവതും
കാലദൈർഘ്യം തോന്നുവതും
കഷ്ടപ്പാട്ട തോന്നുവതും
ബ്രഹ്മത്തിൻെറ ശക്തി അത്രേ
ബ്രഹ്മമതേ ഒന്നുമൊന്നും
ചിലപ്പിക്കെന്നതുമില്ല
വിശാലത കാണവതും
ബ്രഹ്മ ശക്തി കാണലത്രേ
ബ്രഹ്മത്രേ കാണവതും
ബ്രഹ്മത്തിൽ താൻ കാണവതും

ധീര ധീര മിരുപ്പോനോ
വിശപ്പെത്രവന്നാകിലും
കര ഒട്ടുകണ്ടില്ലേലും
കര ആഞ്ഞു പിടിക്കുമേ
കരഞ്ഞെന്നാൽ കരയ്ക്കാമോ

വേദമതിൽ പ്രകൃതി നിത്യം
വേദമതിൽ ജീവൻ നിത്യം
വേദമതിൽ ഈശൻ നിത്യം
വേദാന്തിക്കോ ബ്രഹ്മം നിത്യം

വേദാന്തിക്കോ ആത്മാ നിത്യം
വേദാന്തിക്കോ ബോധം നിത്യം
വേദാന്തിക്കോ സത്യം നിത്യം
വേദാന്തിക്കാനന്ദം നിത്യം
വേദത്തിന്നതിലെതിർപ്പുമില്ല

ഭക്തന്മാർക്കെന്നെന്നും
ഈശ്വരൻ തുണയുണ്ടേ
യോഗികൾക്കെന്നുമേ
ജീവാത്മാ തുണയുണ്ടേ
വൈദികർക്കെന്നുമേ
പരമാത്മാ തുണയല്ലോ
സാധുവാം വേദാന്തി-
ക്കവനത്രേ തുണയുള്ള
നിർഗ്ഗുണ ബ്രഹ്മത്തെ
കണ്ണി കാണാൻ കിട്ടുമോ
ലക്ഷണ ബ്രഹ്മത്തെ
പിടിക്കൂടാൻ പററുമോ
സാധുവാം വേദാന്തി-
ക്കവനത്രേ തുണയുള്ള
വേദാന്തം പഠിപ്പിച്ച
തവനന്യൻ തുണക്കേണ്ട
അടിമ കൂട്ടിലടക്കേണ്ട
പദാർത്ഥത്തെ തീററിടേണ്ട
ബോധരസമൂറിയൂറി
കഴിഞ്ഞോളും ചിരകാലം

കാലൻ നേരേ നില്ക്കുകില്ല
കാലമേ കാണുകയില്ല
കാലകാലനവൻറാത്മാ
ധീര ധീരം നിലനില്ക്കും.

പദമതുശബ്ദ മാത്രൻ
അത്ഥമതോ വിഷയ മാത്രൻ
ഒന്നിപ്പതോ മായാ മാത്രൻ
സത്യത്തെ നീ നോക്കിക്കാണ്ം.

ചിന്തിക്ക നീ എന്റെ കുഞ്ഞേ
ശബ്ദബ്രഹ്മം കടന്നാലേ
സാക്ഷാത് ബ്രഹ്മ മട്ടത്തീട

അവിടെയോ പദാത്ഥമില്ല
പദാത്ഥ സങ്കല്പവുമില്ല
നീ അവിടെ ഉപാധിയററു
മുഴവനായി നില നില്ല്

ബ്രഹ്മ മായങ്ങറിഞ്ഞാലും
ആത്മാവെന്നു പറഞ്ഞാലും
തത് അതെന്നങ്ങോതിയാലും
ത്വം പദത്താൽ നിന്ദിച്ചാലും

അഹം പ്രഥമ ഏകവചനം
ഏകമായി നിലനില്ക്കും
അന്യഭാവമവനില്ല
ആരും കൂടെ കാണകില്ല
അവനത്രേ ബ്രഹ്മമെന്നു
പരക്കെ സമ്മതം കുഞ്ഞേ

വേദം ചൊൽവൂ പരക്കെ
ലോകവും പ്രളയവും
വേദം ചൊല്ലില്ലതി-
ലാദ്യമായുള്ളതേതെന്ന്.

ലോകമെന്ന പറഞ്ഞെന്നാൽ
ലോകത്തിൻ കാരണം വേണം
പ്രളയമാദ്യമെന്നായാൽ
ഏതാണ ലയമായത്.

ഇങ്ങനങ്ങുവരുംനേരം
അണ്ഡിയോ മാവോ മൂത്ത-
തെന്ന ചോദ്യമുണ്ടാകും

ഇതിൻെറ പരമാൎത്ഥത്തെ
ആരുതാനറിയും കുഞ്ഞേ
ഉപാദാന കാരണമാം
പരമാത്മാവിതറിയുമേ

മാത്രമല്ല തീവ്രതപസാൽ
ക്രാന്തദർശികൾ യോഗീന്ദ്രന്മാർ
ഇവതൻ പൊരുളറിക
കൊണ്ടത്രേ ഇവർതൻ
നാമങ്ങൾ സൂക്തങ്ങളോട്
ചേൎത്തു വ്യക്തം പറയപ്പെട്ടതു്

ഇതേ വിധം കണ്ടതത്രേ
വേദാന്തേ ഉപനിഷത്തു്
അന്ത്യാൎത്ഥമാം വേദസൂക്ത-
മതായികാട്ടിതരുവതും

അതുമല്ല മററൊന്നുകൂടി ചൊല്ലാം
ഞാനെൻെറ കുഞ്ഞേ
ബ്രഹ്മം നിർഗ്ഗുണമായാലും ലക്ഷണ-
ത്തോട ചേർന്നാലും
രൂപനാമങ്ങളൊന്ന മതിനില്ലെന്ന
വരികിലും

മൗനഭാഷയാൽ വ്യക്തം ചൊല്ലുമേ
ബോധം സ്ഫുടതരം

അതറിവാനുഗ്രതപസ്വികരാം യോഗീ—
ന്ദ്രന്മാർ ദിവ്യർ
എങ്ങുമെങ്ങും സർവ്വദാ നിലകൊൾവ-
തുണ്ടെന്നറിക
അവരറിയും അവർ പറയും അതത്രേ
ബോധമതു്
വിചാരമററ നിലയിൽ സങ്കല്പം
മാഞ്ഞനിലയിൽ
വാസനയററ തീവ്രൻ അതറിയും
സർവ്വം കുഞ്ഞേ
അറിയൂ! ശുദ്ധമാക്ക ഹൃദയത്തെ
തെളിയട്ടങ്ങു
വേദവേദാന്തങ്ങളഖിലം! തെളി-
യട്ടങ്ങു സർവ്വദാ!

ഇങ്ങനങ്ങു വരുന്നാകിൽ പിളപ്പേ
കാണുകില്ല
ബോധേ പിളപ്പില്ലെന്നു വന്നീടിൽ
രണ്ടാവതെങ്ങിനെ
ആശ്വസിക്കാം നമുക്കല്ലും ഈശ്വരേച്ഛ-
യതാകട്ടെ

★

# ഓം

## ശ്രീധരൻെറ

# വേദവേദാന്ത സമന്വയം

ഓം

ശ്രീഗുരവേ നമഃ

ലോക സൃഷ്ടിയും, ജീവന് ആസ്ഥാനവും കണ്ടിട്ട് ബ്രഹ്മദേവനാകമാനം അവലോകനം ചെയ്തു. പലരും തൃപ്തരും ഉത്സാഹഭരിതരും ആണെന്നു കണ്ടു.

എന്നാൽ ഭാരതവർഷത്തിലെ ജനങ്ങൾ, എന്തെല്ലാമായാലും തങ്ങൾക്കു നഷ്ടപ്പെട്ടതു് നികത്താനാകാത്തതാണെന്ന് കണ്ടു് ദുഃഖത്തിലാണ്ടും, തീരാദുഃഖം കടിച്ചമർത്തി ഇതികർത്തവ്യതാ മൂഢരായി നിലകൊണ്ടു.

ഇതു കണ്ടു് ബ്രഹ്മദേവൻ ശ്രീവസിഷ്ഠനെ സ്വസ്വരൂപത്തിൽ തന്നെ സൃഷ്ടിച്ചു. അദ്ദേഹത്തെ ഒരു ശാപത്താൽ പ്രപഞ്ച ദുരിതങ്ങളെ കാട്ടി, അതിൻെറ പരിഹാരാർത്ഥമായി ജ്ഞാനം ഉപദേശിക്കുകയും, ദുരിത നിവാരണമാർഗ്ഗമതാണെന്നു കാട്ടി കൊടുക്കുകയും ചെയ്തു.

ഈ ജ്ഞാനമാർഗ്ഗത്തെ ശ്രീരാമ ദുഃഖപരിഹാരാർത്ഥം പറഞ്ഞു കൊടുക്കുവാൻ ശ്രീ വിശ്വാമിത്ര മഹർഷി പറകയും, അതിനെ അനുസരിച്ചു് ശ്രീവസിഷ്ഠൻ പറഞ്ഞുകൊടുത്ത ജ്ഞാന പൊരുളുകളാണ് ശ്രീയോഗവാസിഷ്ടമെന്ന പേരിലറിയപ്പെടുന്ന ജ്ഞാനഗ്രന്ഥം.

ഇതു് ജ്ഞാനയോഗങ്ങളുടെ അടിത്തറയായി ഭാരതവർഷമെമ്പാടുമറിയപ്പെടുന്നു.

''ഏതസ്മിൻ ഭാരതേവർഷേ
നാനാ വ്യസന സംകുലം

ജനസ്ഥൈതസ്യ ദുഃഖംസ
ദൃഷ്ട്വാസകല ലോകകൃത്
.................................
.................................
.................................
മാനസാ പരിസങ്കല്പ്യാ
മാമുത്പാദിന വാനിമാം
.................................
.................................
ഏഹി പുത്രേദി മാമുക്ത്വാ
സസ്വാബ്ജസോത്തര ദലേ
മാം നിവേശ്യ മഹാബാഹോ
പ്രോവാച ഭഗവാനജ
മുഹൂർത്തമാത്രം തേ പുത്രാ
ചേതോ വാനര ചഞ്ചലം
അജ്ഞാനാഭ്യപിശത്തു
സബാഷ്പം ദർപ്പണം യഥാ
ഇതിതേ നാശ ശപ്താ
സമ്പ്രചാരം സമനന്തരം
അഹം വിസ്മൃതവാൻ സർവം
സ്വരൂപമമലം കിലാ
അഥാഹം ദീനനാമേത്യാ
സ്ഥിതോഽ സംബുദ്ധയധിയാ
ദുഃഖശോകാദി സംതപ്തോ
ജാതോ ജന ഇ വാധമാഃ
അഥാഭ്യയാത്സമാം നാഥ;
പുത്രകിം ദുഃഖ വാനസി
ദുഃഖോപഘാതം മാംപൃച്ഛ
സുഖീ നിത്യാ ഭവിഷ്യസി
തതഃപൃഷ്ടഃ സ ഭഗവാൻ
മയാ സംസാര ഭേഷജം

കഥം നാഥ മഹാദുഃഖമയഃ
സംസാര മാഗതഃ
കഥചക്ഷീയതേ നാഥാ
തതസ്ഥേന മഹാത്മനാ
തത്ജ്ഞാനംസ്വബഹു പ്രോക്തം
യ ജ്ഞാത്വാഹം സുഖീസ്ഥിതഃ''

ഇതിനു സമാനമായ വചസ്സ തന്നെയാണ് അഥവ്വവേദത്തിൽ ശ്രീഅഥവ്വനം തന്റെ പിതാവോ ഗുരുവോ ആയ വാചസ്പതീ ദേവനോടു ചോദിക്കുന്നതു്.

''യേത്രിഷപ്താ പരിയന്തി
വിശ്വരൂപാണി വിഭ്രതാ
വാചസ്പതി ബലാതേഷാം
തതോ അദ്യദധാതുമേ.''

''പുനരേഹി വാചസ്പതേ
ദേവേന മനസാസഹ
വസോഷ്പതേ നിരമയ
മയ്യേവാസ്തു മയിശ്രുതം''

ഈ ദൃശ്യത്തിൽ ഇരുപത്തി ഒന്നു തത്വങ്ങളും അഥവാ പദാത്ഥങ്ങളും ചുററിത്തിരിയുന്നതായി കണ്ടിട്ടു് ഇതിന്റെ ഉത്തരവാദിയായ സൃഷ്ടികത്താവോടു പറയുന്നു, അല്ലയോ വാചസ്പതേ വേഗത്തിൽ അങ്ങയുടെ ശക്തി വിശേഷത്തെ, അറിവിനെ എനിക്കുറപ്പിച്ചു തന്നാലും. അല്ലയോ വാചസ്പതേ ഇന്ദ്രിയങ്ങളോടും മനസോടുമൊത്തു്, അല്ലയോ വസുപതേ നീ എന്നോടൊന്നു ചേന്നു് ഞാൻ ശ്രവിച്ചതിനെ എനിക്കു് സ്വായത്തമാക്കി തരേണമേ.

''ഓം ബ്രഹ്മദേവാനാം
പ്രഥമഃ സംഭൂവ
വിശ്വസ്യകർത്താ ഭുവനസ്യഗോപ്താ
സ ബ്രഹ്മവിദ്യാം സർവ്വവിദ്യാപ്രതിഷ്ഠാ
മഥർവ്വായ ജേഷ്ഠ പുത്രായപ്രാഹ''

ദേവന്മാരിൽ പ്രഥമനും വിശ്വകർത്താവും രക്ഷിതാവുമായ ബ്രഹ്മാവ് സർവ്വ വിദ്യാപ്രതിഷ്ഠയായ ബ്രഹ്മവിദ്യയെ തന്റെ ജ്യേഷ്ഠ പുത്രനായ അഥർവ്വാവിനായിക്കൊണ്ടു പറഞ്ഞുകൊടുത്തു.

അതിനെ പരമ്പരയാ അംഗിരസ്, ശൗനകൻ മുതലായവർക്കു കിട്ടി. അതിൽ അംഗിരസിനോട് ശൗനകൻ പഠിച്ച വിധമാണ് മുണ്ഡകത്തിലെ പ്രതിപാദ്യം.

''തസ്മൈ സഹോവാച
ദ്വേവിദ്യേ വേദിതവ്യേ
ഇതിഹസ്മയദ്ബ്രഹ്മവിദോവദന്തി
പരാചൈവാപരാച''

അറിയേണ്ടവയായി രണ്ടു വിദ്യകളുണ്ട്. ഒന്നു പരയും മറ്റേതപരയും.

''തത്രാപരാ ഋഗ്വേദോയജുർവേദോ
സാമവേദോഽഥർവ്വവേദഃ ശിക്ഷാ
കല്പോ വ്യാകരണം നിരുക്തം
ഛന്ദോ ജ്യോതിഷമിതി
അഥപരായാതദക്ഷരമധിഗമ്യതേ''

അതിൽ അപരാ എന്നതു് ഋഗ്വേദം, സാമവേദം, യജുർ വേദം, അഥർവ്വ വേദം, ശിക്ഷാ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷമിവകളാണ്. പരായെന്നാൽ അക്ഷരത്തെ, നാശരഹിതവസ്തുവെ, പ്രാപിപ്പിക്കുന്നതാകുന്നു.

''യത്തദദ്രേശ്യ മഗ്രാഹ്യമഗോത്രമവർണ്ണ
മചക്ഷുശ്രോത്രം തദപാണി പാദം
നിത്യം വിഭുംസർവ്വഗതംസുസൂക്ഷ്മം
തദവ്യയംയദ്ഭൂതയോനിം
പരിപശ്യന്തിധീര.''

യാതൊന്ന് അദൃശ്യമഗ്രാഹ്യമഗോത്രമവർണ്ണമ ചക്ഷുശ്രോത്ര മപാണിപാദം നിത്യം വിഭുംസർവ്വഗ തമായ സൂക്ഷ്മത്തിൽ സൂക്ഷ്മമായും നാശമില്ലാത്തതാ യും സർവ്വഭൂതങ്ങൾക്കും യോനിയായും യാതൊന്നു ണ്ടോ അതിനെ സ്വ ആത്മാവായി ധീരന്മാരറി യുന്നു.

ഇത്രയും ശാസ്ത്രവിവരണം, ഇനി ഇതിൻെറ യുക്തിസമ്മതം കൂടി പരിശോധിക്കാം. മുത്തുചി പ്പി, അതെന്തൊക്കയോ തിന്ന് ഒരു തോട്ടം അതി നുള്ളേ ഒരു മാംസളഭാഗവും പുലത്തി വരുന്നു. മഴ ത്തുള്ളികളെ ആധാരമാക്കി അതിൻെറ ശരീരം മുഴ വൻ സൂക്ഷ്മമായി പകന്ന് കരു പിടിപ്പിച്ച് അതൊ രു പവിഴമാക്കിതീർത്തു. ഇതതിൻെറ ആഗ്രഹമാ ണ്. നാഗങ്ങളും ഇതുപോലെ മാണിക്യ സൃഷ്ടി ചെയ്യുന്നതായി പറയപ്പെടുന്നുണ്ട്. ഏതായാലും ഇതിൻെറയെല്ലാം ജഢില ശരീരത്തിൽ നിന്നും അത്യന്തം വിചിത്രവും വിശേഷതരവുമായ ഒന്നാ വിർഭവിക്കുന്നുണ്ടെന്നുള്ളത് വ്യക്തമാണെല്ലോ.

നിറുത്തേണ്ടാ. മാവുതന്നെയെടുക്കാം. അതി ൻെറ വേരു വളമെടുക്കും, വെള്ളമെടുക്കും, തടി, ഇല ഇവകളെല്ലാം പ്രത്യേകം പ്രത്യേകം പ്രവത്തികളെ

ടുകന്നു. ആഹാരമെട്ടപ്പം പാചകവുമെല്ലാം നിവ്ഹിക്കുന്നുണ്ട്. തടി കടിച്ചുനോക്കു, കമപ്പം, കറയും, ഇല കയ്പും പുളിയും, പൂവിനു പോലും രുചിയില്ല. പക്ഷേ അതിൻെറ അന്ത്യാഭിലാഷമായ മാങ്ങയോ, കണ്ണിയിൽ കയ്പും, പുളിക്കും, പഴത്താലോ, മധുരം നിറവുററു നില്ക്കും ആരും കൊതിക്കും ആരും ആഹരിക്കും. കിളിപ്പിക്കുവാൻ അണ്ടി കുഴിച്ചിടും. ഇങ്ങനെ അന്ത്യമട്ടത്തപ്പോഠ എത്ര വ്യത്യാസം. മാങ്ങ അടന്ന് വീണാൽ മാവിനു ക്ഷീണമില്ല. പക്ഷേ കമ്പോ കൊമ്പോ അടർന്നാൽ മാവിനു ക്ഷീണമാണ്. ഇങ്ങനൊക്കെയാണെങ്കിലും മാവിൻെറ ഉദ്ദേശം മാങ്ങ ഉണ്ടാക്കലാണ്. ബീജവുമതിലടക്കം. ഇതേതരത്തിൽ വേദം പല യാഗങ്ങളും പ്രദാനം ചെയ്യും. അതിൽക്കൂടി അതിൻെറ അന്ത്യാഭിലാഷമായ ഫലദാനവും ചെയ്യും. അതത്രേ വേദാന്തം. മാവിനു മാങ്ങ പോലെയും സസ്യങ്ങൾക്ക് ഫലം പോലെയും മോഹനവും വിജാതീയമെന്നു പറയുവാൻ തോന്നുമെങ്കിലും സജാതീയവുമാണ് വേദത്തിലെ വേദാന്തം. വാഴ നോക്കു—മാണമാരു തിന്നും, തട ആരു തിന്നും ഇലയും തലൈവച. പിണ്ടിയും രുചികരമല്ല. പക്ഷേ പഴമോ മധുരാധിപതെ മധുരം മധുരം. ഒരു വ്യാകരണമോ നിരുക്തമോ നോക്കാതെ യഥേഷ്ടമാഹരിക്കാം.

ഇനിയും അല്പംകൂടി സൂക്ഷ്മത്തിലേക്കു കടക്കാം. 'തത്ത്വമസി'. തത് എന്നതിന് അതു് ഈശ്വരനെന്നോ പരമാത്മാവെന്നോ വിവരിച്ചു കാട്ടിയേക്കാം. ത്വം എന്നതിനെ വ്യക്തിഗത ആത്മാവെ

ന്നോ ജീവാത്മാവെന്നോ ആക്കി കാട്ടി വിവരി ക്കാം. പക്ഷെ 'അസി' അന്ത്യമാണ് അതോടടുക്ക മ്പോൾ വിവരണം നിലയ്ക്കും, വചസ്സ പിന്മാറും, അവിടെ അനുഭവ ഭാവേന അറിവു മാത്രം നിഴലി ക്കും, നിലനില്ക്കും, ഇതത്രേ വേദാന്തത്തിന്റെ നില. അണ്ടിയോടടുക്കുമ്പോഴേ മാങ്ങയുടെ പുളി അറിയൂ, എന്നതുപോലെ വ്യക്തി ആത്മാവിലേയ്ക്കായുമ്പോ ഴേ വചസ്സുകൾ അകന്ന് ചിന്തനം വിട്ട് ആശ ഒഴി ഞ്ഞ് ബോധാനന്ദരസമറിയൂ. അവിടമാണാത്മ നില. അറിഞ്ഞുമാത്രം അറിവു നിലകൊള്ളുന്ന ഈ ഇടത്തിൽ മറ്റെല്ലാമൊഴിയും. ഒഴിവിലൊടുക്ക മായ് ആത്മാബോധാനന്ദരസമായ് നിലകൊള്ളും. ആകകൊണ്ടാണ് വേദാന്തമാവതു്. അല്പം കൂടി വി വരിക്കാം. യാതൊന്നാണോ അതു് ബ്രഹ്മമായാ ലും, പരമാത്മാവായാലും ഈശ്വരനായാലും ജീവാ ത്മാവോ വ്യക്തിഗത ആത്മാവോ ആയ 'അഹം' മുൻ പറഞ്ഞ ബ്രഹ്മമോ, പരമാത്മാവോ ഈശ്വര നോ ആണെന്നു വരണമെങ്കിൽ അതാകുക എന്നതു വേണ്ടതത്രേ. ഇവിടെ വേദാന്തികളും തത്തിക്കളി ക്കുന്നിടമാണ്. ഇതു് അനുഭവമെന്ന നിലയിലല്ലാ തെ സംഭവിക്കുകയില്ലല്ലോ. ഞാൻ ബ്രഹ്മമാ ണെന്നു പരോക്ഷമായറിഞ്ഞാലും ബ്രഹ്മമെങ്ങനെ ഇരിക്കുന്നു എന്ന അറിവ് അനുഭവഗോചരമല്ലാതെ മറെറാരു ഗോചരവും അവിടെ സംഭവ്യമല്ല. അതു കൊണ്ടത്രേ വേദത്തിന്റെ അന്ത്യ അറിവായ താൻ ഇന്ന പ്രകാരത്തിലെന്നു പറവാൻ വയ്യാത്തതു്. ബ്രഹ്മമെന്നനുഭവം കൊണ്ടറിഞ്ഞ്—യാതൊന്നറി ഞ്ഞാൽ സർവ്വ അറിവാകുമോ മാത്രമല്ല സർവ്വവുമറി

ഞ്ഞതാകുമോ ആ അറിവായി ഞാൻ നിന്നിടത്തു തന്നെ നില്ക്കുന്നതായറിയുമോ അതത്രേ ബ്രഹ്മമെന്ന ലക്ഷണാലറിഞ്ഞുകൊള്ളുക.

ഇപ്രകാരമുള്ള ഭാഗത്തെ വിവരിക്കുന്ന ഭാഗത്തിന്ന് ഉപനിഷത്തെന്നു പറയുന്നു. അറിവോട്ട്, ബ്രഹ്മത്തോടേററവുമടുത്തിരിക്കുന്ന അഥവാ ചേർന്നു തന്നെയിരിക്കുന്ന വിദ്യ ആകകൊണ്ടു് ഇതിനെ ആത്മവിദ്യ അഥവാ ഉപനിഷത്തെന്നു് വിളിക്കപ്പെടുന്നു. യജ്ഞശാലയോ വേദിയോ ഒന്നും കൂടാതെ ഏതുകാട്ടിലുമിരുന്നു പഠിക്കുകയും അറിയുകയും ചെയ്യാവുന്നതിനാൽ ഇവകളെ ആരണ്യകമെന്നും പറയുന്നുണ്ടു്. ഇവിടെ വേണ്ടുവോളം ഗ്രന്ഥിഭേദനം ചെയ്തിരിക്കുകയാൽ ഇവ എവിടെ ഇരുന്നും പഠിക്കാവുന്നതാണു്.

ഇനിയും 'അഹംബ്രഹ്മാസ്മി' ഒന്നു വിചിന്തനം ചെയ്തു പഠിക്കാം. അഹമെന്നു ജീവാത്മാവിനേയും ബ്രഹ്മമെന്നു സർവകാരണ കാരണമായ സച്ചിദാനന്ദ ബ്രഹ്മത്തേയും ലക്ഷീകരിക്കുന്നതായി വിവരിക്കും. പക്ഷേ അസ്മിപദത്തോടടുക്കുമ്പോഠം വേദം അതിൻെറ വേദാന്തത്തോടു് ബ്രഹ്മത്തോടു് ചേർന്നു് നിലകൊള്ളുന്ന ഉപനിഷത്തുകളോടു് വിവരിക്കുവാൻ പറഞ്ഞോളും.

പ്രജ്ഞാനം ബ്രഹ്മയിലും വേദമതിൻെറ ഉപനിഷത്തുകഠംക്കു് വേദി ഒരുക്കുന്നതു കാട്ടാം. ബ്രഹ്മം ബോധസമുച്ചയം തന്നെയാണല്ലോ. ആത്മാവിൽ ബ്രഹ്മജ്ഞാനമായി തിളങ്ങുന്ന പ്രകൃഷ്ട ഉത്കൃഷ്ട ജ്ഞാനം യാതൊന്നോ അതിനെ

യാണു് പ്രജ്ഞാനമെന്നു് അറിയപ്പെടുന്നതു്. ആ അറിവിനെ ആ സാക്ഷാത്തായ അറിവിനെ ആ അനുഭവത്തെ ആ അനുഭവജ്ഞാനത്തെയാണു് പ്രജ്ഞാനശബ്ദം രേഖപ്പെടുത്തുന്നതു്. ഇവയെ എല്ലാം ഉപനിഷത്തുകൾക്കുവിടുകയാണു് വേദം ചെയ്യുന്നതു്.

അയമാത്മാ എന്നുവരുമ്പോൾ ചൂണ്ടിക്കാട്ടുന്നതുപോലെ കാട്ടുന്ന ആത്മാബ്രഹ്മമെന്നു വിവരിക്കുന്നു. ഇങ്ങനെ നാനാപ്രകാരേണയും ബ്രഹ്മാത്മൈക്യം വേദം വിളമ്പുന്നുണ്ടെന്നോർക്കണം.

യാതൊന്നിനെ അറിഞ്ഞാൽ മററെല്ലാമറിയപ്പെടുമോ, യാതൊന്നറിഞ്ഞാൽ മററൊന്നു മറിയപ്പെടേണ്ടതില്ലയോ അതാണറിയേണ്ടതു്. അതറിവിൻെറ അവസാന കണ്ണിയാകയാലത്രേ വേദാന്തമെന്നു പറയപ്പെടുന്നതു്.

കർമ്മം ചെയ്യുക, നേട്ടമുണ്ടാക്കുക, പരിശുദ്ധി നേടുക, സ്വർഗ്ഗവും അതിൽ തന്നെ ബ്രഹ്മലോകവും നേടുക. മാത്രവുമല്ല സായൂജ്യവും നേടും. ഇതു് വേദ പ്രയോജനങ്ങളത്രേ. വേദവേദാന്തസമ്മതമത്രേ ദീർഘായുസ്സായിരിക്കൽ. നിങ്ങൾ നൂറു വർഷമിരുന്നാലും അക്കാലമത്രയും കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുക. വേദവേദാന്ത വിധിയിതാണു്. ഇതിൻെറ ഉദ്ദേശം വെറുതേയിരുന്നാൽ ഇരുമ്പും തുരുമ്പു പിടിച്ചു നശിക്കുമെന്നതുപോലെ മനുഷ്യരാശിയും വെറുതെയിരുന്നാൽ ദുർവ്വിചാരം മുഴുത്തു നശിക്കുമെന്നതാണു്.

വേദത്തിന്റെ ഉപനിഷത്തു ഭാഗം അതിരുവച്ചു സംരക്ഷിക്കപ്പെടാത്തതെങ്കിലും അന്ത്യത്താൽ സംരക്ഷിക്കപ്പെടുന്നതും ബോധസമുച്ചയമാകയാൽ അഴുക്കുകൂടാത്തതുമാണല്ലോ.

ഇതറിഞ്ഞു നിലകൊള്ളുമേ ബുധർ. ഇതിലഴുക്കു പുരട്ടിയാലനുഭവത്താലറിയുമേ ബുധർ. മനുഷ്യരാശിയെന്നല്ല ജീവജാലങ്ങളാകമാനം അവക്കാവശ്യമില്ലെങ്കിലും ഏതിന്റെയോ ആവശ്യപ്രകാരമെന്നവണ്ണം പ്രവത്തി എടുക്കുകയാണ്.

'കേനേഷിതം പതതി പ്രേഷിതം മനഃ
കേനപ്രാണഃ പ്രഥമഃ പ്രൈതിയുക്തഃ
കേനേഷിതാം വാചമിമാം വദന്തി
ചക്ഷുശ്രോത്രം ക ഉദേവോയുനക്തി.'

അവരവരുടെ കമ്മഫലമെന്ന് ഒരു വിഭാഗം പറയുമ്പോഠം ഈശ്വരേച്ഛയെന്ന് വേറൊരു കൂട്ടർ പറയും. ഇവയൊക്കെ ബാലിശമെന്നു പറഞ്ഞു തള്ളേണ്ടിവരും. മേൽ പറഞ്ഞ മന്ത്രത്തെ കണക്കിലെടുക്കണം. ഇവിടെ ഏതോ ഒരു ശക്തി ഒരതീത അവ്യക്ത ശക്തി ഇതിനെയെല്ലാം പ്രേരിപ്പിക്കുന്നുവെന്നും അതിനാലാണ് ഇങ്ങനെയെല്ലാം വന്നുകൂടുന്നതെന്നും മനസ്സിലാക്കണം. എന്നാൽ ജീവനെ മാറ്റം ലോകവും ഇതിനു കീഴടങ്ങി വട്ടചക്രം ചുററുന്നു എന്നു വേദവേദാന്തങ്ങഠം ഘോഷിക്കുന്നുണ്ടു്. ഇതിൽനിന്നും രക്ഷപ്പെടലാണ് ലോകരുടെ അഭിലാഷം അഥവാ ജീവന്റെ ആവശ്യം. ഇതിനു് താങ്ങും തണലും വേദവേദാന്തങ്ങളത്രേ.

പശുക്കളെ കെട്ടിയിട്ട തീററുക ലോകസഹജ മാണ്. അയപോലെ ജീവനെ കെട്ടിയിട്ട തീററുകയും ലോകസഹജമാണ്. കന്നുകാലികരം കയറു പറിച്ചു രക്ഷപ്പെടുന്നതുപോലെ ജീവനും അതിൻെറ കെട്ടുകരം പറിച്ചുകളഞ്ഞു രക്ഷപെടുന്നുണ്ട്. ഇതിനെ വേദാന്തം സിദ്ധാന്തം മുതലായ തത്വവിഭാഗം ശരിക്കും കൈകാര്യം ചെയ്യുന്നുണ്ട്. കമ്മപാശത്താൽ കെട്ടിയിട്ടതായി തോന്നുന്ന കെട്ടിനെ തകർക്കാൻ മുൻ പറഞ്ഞ തത്വ വിഭാഗം ശരിക്കും നമുക്ക കളമൊരുക്കി തരുന്നുണ്ട്.

ഉടൻതന്നെ പിടിച്ചുകെട്ടുന്നതും കാലാന്തരത്തിൽ കെട്ടപ്പെടുന്നതും പുനരാവത്തി ഇല്ലാത്തതുമായ അനവധി കാര്യങ്ങരം ഇതുകളിൽ വിവരിക്കുന്നുണ്ട്.

അതിൽ തിരിച്ചു വരവില്ലാത്തതിൽ നമുക്ക് പ്രവേശിക്കാം. പ്രവേശിക്കണം. നമ്മുടെ പല ഉപനിഷത്തുകളും ഗീതകളും വാസിഷ്ഠം മുതലായ ജ്ഞാന ഗ്രന്ഥങ്ങളും ഇതിൻെറ വേദികളാണ്. ഇതിൽ നമുക്കെല്ലാം തുടങ്ങാം.

'ന കമ്മണാ ന പ്രജയാ ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ
പരേണനാകം നിഹിതം ഗുഹായാം
വിഭ്രാജതേ യദ്യതയോ വിശന്തി'

'വേദാന്ത വിജ്ഞാന സുനിശ്ചിതാത്ഥ
സന്യാസയോഗദ്യതയഃ ശുദ്ധസത്വാ:
തേ ബ്രഹ്മ ലോകേഷു പരാന്ത കാലേ
പരാമൃതാഃപരിമുച്യന്തി സവേ'

'വിമുക്തദേശേ ച സുഖാസനസ്ഥഃ
ശുചഃസമഗ്രീവശിരഃ ശരീര:
അന്ത്യാശ്രമസ്ഥഃ സകലേന്ദ്രിയാണി
നിരുദ്ധ്യ ഭക്ത്യാ സ്വ ഗുരും പ്രണമ്യ'

'ഹൃദ്പുണ്ഡരീകം വിരജം വിശുദ്ധം
വിചിന്ത്യമദ്ധ്യേ വിശദം വിശോകം
അചിന്ത്യമവ്യക്തമനന്ത രൂപം
ശിവം പ്രശാന്തമമൃതം ബ്രഹ്മയോനി'

ഇങ്ങനെ സുവ്യക്തമായി വിവരിക്കുന്ന വചസ്സുകാം വിതറിക്കൊണ്ടു് തപ്തകരളകറംക്കു് കുളിർമ്മ ഏകുന്ന ഉപനിഷത്തുകളേ നിങ്ങറംക്കു നമോവാകം. എന്തെന്നാൽ നിങ്ങറം തന്നെയാണു് ഉമാദേവിയും വിദ്യാസ്വരൂപിണിയുമായ വാണീഭഗവതി.

നമുക്കാക്കെങ്കിലും സ്ഥിരമായ മുക്തി വേണ്ടെന്നുണ്ടോ? മുക്തി എന്നു പറഞ്ഞാൽ ചന്ദ്രലോകത്തു ചെന്നു വിശ്രമിച്ചു സുഖിച്ചു പെട്ടെന്നുതന്നെ തിരിച്ചുവന്നു് പ്രവൃത്തിയിൽ മുങ്ങി നരകിക്കലാണോ? അതോ അതിൽ വളരെക്കാലം സൂര്യലോകത്തോ സ്വർഗ്ഗലോകത്തോ ബ്രഹ്മലോകത്തോ ചെന്നു സുഖിച്ചു മരുവിയിട്ടു കാലാന്തരത്തിലോ യുഗാന്തരത്തിലോ തിരിച്ചു വരലാകുമോ? പിതാവു് തൻെറ കുഞ്ഞുങ്ങളെ കടൽപുറം കാണാൻ കൊണ്ടുപോയി സൂര്യാസ്തമനമെന്ന അത്ഭുതവും കാട്ടി ഇരുട്ടിനു മുമ്പു് തിരിച്ചു വീട്ടിൽ കൊണ്ടുവരുംപോലെയോ? അതോ അദ്ധ്യാപക തലവൻ മററദ്ധ്യാപകരുമൊത്തു് കുട്ടികളെ വിനോദയാത്ര കഴിച്ചു തിരിച്ചു കൊണ്ടുവരും പോലെയോ? അതോ ദേശാന്തര വിനോദ

യാത്രയും കഴിഞ്ഞു് വിദേശികരം തിരിച്ചവരുടെ നാട്ടിലെത്തുംപോലെയോ? ഇങ്ങനെ അപഹാസ്യമായ താണു മുക്തി എങ്കിൽ ബ്രഹ്മം അപൗരുഷേയമായ ഒരു വേദം കണ്ടെത്തേണ്ടായിരുന്നു.

ജീവനെടുത്തു എന്നു തോന്നിയ ആത്മാവിനെ നിത്യ നരകത്തിലോ മററോ തള്ളിയിരിക്കുകയാണോ?

നിത്യനരകത്തിൽ പോയാലും അതിൽനിന്നും നിത്യമുക്ത സ്വതന്ത്രനാകുവാൻ ബ്രഹ്മത്തിനു കഴിവില്ലേ.

ഒരു രോഗം വന്നാൽ അതു പൊറുപ്പിക്കുന്നതിനു് വൈദ്യസഹായം തേടും. എന്നാൽ ഏതെങ്കിലുമൊരവസരത്തിൽ മരണം പിടികൂടുന്നു. അതുപോലെ ഒരു ദുരിതത്തിൽ നിന്നും മോചനം, പിന്നെ മററൊന്നിൽ മോചനം, ഇങ്ങനെ മോചനമേ മോചനം നേടാതെ ഒററ മോചനം നേടാൻ ആത്മാവിനു കഴിവില്ലേ? ദിവസേന മരിക്കുന്ന വിഡ്ഢിയേ പോലെയോ ആപത്തു കാണുമ്പോരം മരിക്കുന്ന ഭീരുവിനെപ്പോലെയോ അല്ല മഹത്തുക്കരം മരിക്കുന്നതു്. ആ അവക്കു ആ മരണമേയുള്ളു ഒററ മരണം.

ഇങ്ങനെ അനവധി അനവധി കാര്യങ്ങരം നമുക്കു് വിചിന്തനം ചെയ്യണം.

'അനാഖ്യത്വാദഗമ്യത്വാൻ മനഃഷഷ്ഠേന്ദ്രിയ
സ്ഥിതേഃ

ചിന്മാത്രമേവമാത്മാണുരാകാശാദ—
പിസൂക്ഷ്മകഃ'

നാമകരണം ചെയ്യാൻ വയ്യാത്തതു്, നാമത്താൽ രൂപകല്പന ചെയ്യാൻ സാധ്യമല്ലാത്തതു്, കടക്കാൻ വയ്യാത്തതു്, അതായതു് ആകാശാണു പോലെ ഇട മുള്ളതല്ലാത്മാണു ആക കൊണ്ടു് അതിൽ കടക്കാൻ അവകാശമില്ലാത്തതും മനസാകുന്ന ആറാമത്തെ ഇന്ദ്രിയത്തിൽ സ്ഥിതവും ചിന്മാത്രം, ബോധരസം മാത്രവുമായ ആത്മാണു ആകാശത്തേക്കാൾ അതി സൂക്ഷ്മമാണു്.

''ചിദണോ പരമസ്യാന്തഃ കോടി
ബ്രഹ്മാണ്ഡരേണവഃ
ഉത്പത്തി സ്ഥിതിമഭ്യേത്യലീയന്തേ
ശക്തിപര്യയാത്
ആകാശം ബാഹ്യശൂന്യത്വാദനാകാശത്തു
ചിത്വതഃ
നകിഞ്ചിദനിർദ്ദേശ്യം വസ്തു സത്തേതി
കിഞ്ചന.''

ഈ പരമാണുവിൻെറ അന്തർഭാഗത്തു് ആകാശത്തിൽ പൊടികളെന്നപോലെ കോടിക്കോടി ബ്രഹ്മാണ്ഡങ്ങൾ ഉത്പത്തിസ്ഥിതികളെ ചെയ്തിട്ടു് ശക്തി അവസാനിക്കുമ്പോൾ ലയിച്ചടങ്ങുന്നു.

ബാഹ്യാതീതമായി നിലകൊള്ളുക കൊണ്ടു് ആകാശമെന്നു പറയാം. ചിൽസ്വരൂപമാകയാൽ ചൈതന്യപ്രകാശാൽ അനാകാശമെന്നും പറയണം. നിർദ്ദേശിക്കുവാൻ നിർവ്വാഹമില്ലായ്കകൊണ്ടു് ഇതു വസ്തുസ്വരൂപമല്ല. എന്നാൽ നിത്യസത്തയാകകൊണ്ടു് വസ്തുവെന്നും പറയേണ്ടി വരുന്നു. ഇങ്ങനെ ഒക്കെയാണാത്മസ്വരൂപം.

ഇതങ്ങിനെ നില്ക്കട്ടെ. നമുക്ക പുരുഷാത്ഥത്തി ലേയ്ക്കല്പം കടക്കാം. ധമ്മാത്ഥ കാമമോക്ഷങ്ങാം നാലാണ്. ഇവയിൽ പരമപുരുഷാത്ഥമായി എല്ലാവരുമംഗീകരിച്ചിരിക്കുന്നതു് മോക്ഷത്തെയാണ്. അതായതു് മോചനം ബദ്ധപ്പാടുകളിൽ നിന്നും രക്ഷപെടൽ എന്നു തുടങ്ങി പലതും പറയേണ്ടുന്ന മോചനം. സന്മാഗ്ഗ നീതിനിയമങ്ങളുണ്ടായാലും, ലൗകിക ശ്രേഷ്ഠത എത്രമേൽ ഉണ്ടായാലും, തൻെറ ആഗ്രഹ സാദ്ധ്യത എത്രമേൽ വന്നുകൊണ്ടിരുന്നാലും ഇതിൽ നിന്നെല്ലാം മോചനം നേടണമെന്ന പരമപുരുഷാത്ഥം തന്നെ പുരുഷാത്ഥമെന്നതു് സവ്വസമ്മതമാണ്.

ദൃഷ്ടനും ശിഷ്ടനും അരവിന്ദനേത്രനും ദേവനും മനുഷ്യനും ഋഷിവഗ്ഗമാകെയും ആവശ്യപ്പെടുന്നതു് മുക്തിയാണ്. ഒരിക്കലും പിടിച്ചുകെട്ടാനാവാത്ത സവ്വതന്ത്ര സ്വതന്ത്രതയാണ്.

ഇതിനു നമുക്ക വേദാന്തമേ ഉറപ്പു തരുന്നുള്ള.

''സവ്വദൃശ്യ വിഹീനോഹം
ദൃഗ്രൂപോസ്മ്യഹമേവഹി
സവ്വദാപൂണ്ണരൂപോസ്മി
നിത്യതൃപ്തോസ്മ്യഹം സദാ''

സവ്വദൃശ്യ ദർശനത്തേയും കടന്നു നില്ക്കുന്നവനാണു ഞാൻ. എന്നാൽ ദൃഗ്രൂപനെന്നു ലക്ഷണാൽ പറയാവുന്നവനാണു ഞാൻ. സവ്വദാപൂണ്ണനായി നിലകൊള്ളുന്നവനാണു ഞാൻ. ബദ്ധബന്ധനാതീതനാകയാൽ സവ്വദാ നിത്യതൃപ്തനായിരിക്കുന്നവനാണ് ഞാൻ.

''അഹം ബ്രഹ്മൈ വ സർവ്വസ്യാ
ദഹം ചൈതന്യമേവഹി
അഹമേവാഹമേ വാസ്മി
ഭൂമാകാശ സ്വരൂപവാൻ
അഹമേവ മഹാനാത്മ
അഹമേവ പരാത്പരാ
അഹം ശിഷ്യവദാഭാമി
അഹം ലോകത്രയാശ്രയഃ
അഹം കാലത്രയാതീതഃ
അഹം വേദൈരുപാസിതഃ
അഹം ശാസ്ത്രേണ നിർണ്ണീത
അഹം ചിത്തേ വ്യവസ്ഥിതഃ''

ഇത്രയും പറകകൊണ്ടു തന്നെ ഞാനായി തിളങ്ങപ്പെടുന്ന ആത്മാവിൻെറ മാഹാത്മ്യം എത്രമാത്രമെന്നു തെളിയുന്നുണ്ടല്ലോ. ഞാൻ സർവ്വത്തേയും ഉൾക്കൊള്ളുന്ന ബ്രഹ്മം, ഞാൻ ചൈതന്യം, ഞാൻ അളവററ അഖണ്ഡാകാരസ്വരൂപവാൻ ഞാൻ മഹാനായ ആത്മാവ്, ഞാൻ പരാത്പരൻ അതായതു് ശ്രേഷ്ഠരിൽ ശ്രേഷ്ഠൻ ആ ഞാൻതന്നെ ശിഷ്യരൂപേണ അറിയുന്നവൻ, ഞാൻ മൂന്നു ലോകത്തിനുമാശ്രയമായിരിക്കുന്നവൻ, കാലത്രയങ്ങളേയും കടന്നു നില്ക്കുന്നവൻ, ആ ഞാൻ ശാസ്ത്രത്താൽ നിർണ്ണയിക്കപ്പെടുന്നവൻ, വേദത്താലുപാസിക്കപ്പെടുന്നവൻ, അപ്രകാരേണയുള്ള ഞാൻ ചിത്തത്തിൽ വ്യവസ്ഥിതനായി നിലകൊള്ളുന്നവൻ, ഇപ്രകാരമുള്ള എനിക്കു് ബന്ധനമെന്നു പറയുന്നവൻ മുയലിനു കൊമ്പുണ്ടെന്നു പറയും.

''അഹം ശുദ്ധോസ്മി ബുദ്ധോസ്മി
നിത്യോസ്മി പ്രഭുരസ്മ്യഹം
ഓങ്കാരാത്മ സ്വരൂപോസ്മി
നിഷ്കളങ്ക മയോസ്മ്യഹം''

ഇങ്ങനെ ഉപനിഷത്തുകളാൽ വർണ്ണിക്കപ്പെടുന്ന ആത്മവാൻ ആത്മാവായുള്ളവൻ മഹത്തത്വ വലയത്തിൽ കിടന്നു് ചക്രം ചുററുന്നു എന്നു പറഞ്ഞാൽ അതിനു രണ്ടു വലിയ ദോഷങ്ങളുണ്ടു്. ഒന്നു് പരമപുരുഷാർത്ഥനിഷേധനം. രണ്ടു് നിത്യാടിമത്വസമ്മതം. ഇതും ശാസ്ത്രസമ്മതമാകുമോ എന്നു് തീർച്ച ചെയ്തു തീരുമാനിക്കുക.

അത്യന്ത ഗഹനവും വിശാലവും പലരും മഹാന്മാർ പോലും കടക്കാനറയ്ക്കുന്നതുമായ ചില ബോധനിലയങ്ങളിലേയ്ക്കു ഞാൻ നിങ്ങളെ ആനയിക്കാം.

ഒരു പുസ്തകത്തെ കണ്ടാൽ അതു കാണുന്നതിനു മുമ്പു തന്നെ ആ സാധനബോധമുണ്ടു്. അതു് ബോധസമുച്ചയത്തിൽപെട്ടതാണു്. പുസ്തകമെന്നറിയുന്നതു് ബോധവിശേഷമാണു്. അറിയുന്നതിന്നു്, വകതിരിച്ചറിയുന്നതിന്നതാവശ്യമായി വരുന്നു. ഇവിടെ ബോധസമുച്ചയത്തിനുടവില്ല. അതായതു് ക്ഷീണമില്ല. ബോധവിശേഷത്തെ അറിയുന്നതു് ബോധ സമുച്ചയമാണു്. ബോധവിശേഷ ബോധവും ബോധമാണു്. ബോധവിശേഷത്തിലേ വിശേഷം താനാവുകയില്ല. അതിനല്പത്വമുണ്ടു്. അതു താനാണെന്ന തോന്നലേ ബന്ധം. ആ തോ

ന്നലു മാററുകയല്ലാതെ അതിനൊന്നും ചെയ്യേണ്ടതി ല്ല. അതാണ് സർവ്വശാസ്ത്രസമ്മതമായ ജ്ഞാനം. അതത്രേ വേദവേദാന്തങ്ങൾ ഘോഷിക്കുന്നതു്. അതത്രേ ഉപനിഷത്തിൻെറ പൊരുൾ വേദാന്തമെ ന്നു കീർത്തിക്കപ്പെടുന്നതു്. ഇതിന്നു സമ്മതമുണ്ടോ എന്നു ചിലർ ചോദിക്കുന്നുണ്ടു്. ഉണ്ടെന്നേ എനി ക്കു പറയാൻ സാധിക്കൂ. ഇതടുത്തു ശ്രദ്ധിക്കുക. വേദം തന്നെയാണ് വേദാന്തവും. വേദത്തിൽപെട്ട തല്ല വേദാന്തമെന്നു വാദിക്കുന്നവർ മാവിൽപെട്ട തല്ല മാങ്ങയെന്നും വാദിക്കും. മാവിൽ മാങ്ങയുള്ള തുപോലെ മാങ്ങയിൽ മാവുണ്ടെന്നറിയണം. മാവി ലെ മാങ്ങ അതിൻെറ അന്ത്യാഭിലാഷമെങ്കിൽ വേദ ത്തിൻെറ അന്ത്യാഭിലാഷമാണ് വേദാന്തം, ഉപനി ഷത്തുക്കൾ. അതുപോലെതന്നെ പല വേദസൂക്ത ങ്ങളുടേയും ജ്ഞാനപൊരുൾ, അന്ത്യാർത്ഥം ഉപനിഷ ത് സമാനമായ വേദാന്തമെന്നു ബോദ്ധ്യപ്പെടുത്താം.

ഋഗ്വേദത്തിലെ ആദ്യസൂക്തംതന്നെ ആത്മാ അഗ്നിരൂപേണ വെളിപ്പെടുന്ന മാതൃകയാണ്. അതു് ജീവനും, അഗ്നിയും, അറിവും അവയെ ഉപാസിക്കു ന്നവർ പോലും ആത്മാവായാണറിയിക്കുന്നതു്. അദ്വൈത സിദ്ധാന്തം അവിടെ അതിസ്പുടമാണ്. പിന്നത്തെ ഇന്ദ്രവായുക്കളുടെ ശക്തിയും, ഇതിലും ജീവബ്രഹ്മൈക്യം മാത്രമല്ല അതിലേക്കാനയിക്കുന്ന ശക്തി വിശേഷവും അറിയാൻ കഴിയും.

ഇതിലുള്ള എൻെറ സാക്ഷാത്കാരങ്ങളെ, ആ അറിവിനെ ഞാനല്പം വിവരിക്കാം. കുണ്ഡലിനീ ശക്തിയുടെ അളവററ ശക്തിപ്രകടനം അഥവാ

അഗ്നിയുടെ ഞാനായ് നിന്ന പ്രവർത്തനം എന്നെ വളരെ അത്ഭുതപ്പെടുത്തി. അതിനു ശേഷം വളരെ ദിവസങ്ങൾ കഴിഞ്ഞെങ്കിലും ഞാൻ പലപ്പോഴും വായു എന്തുകൊണ്ടാണ് അനുഭവപ്പെടാൻ താമസിക്കുന്നു എന്ന ചിന്ത എന്നിൽ നിലനിന്നിരുന്നു. എന്നാൽ എന്റെ യോഗാനുഭവങ്ങളിൽ, തലമുടി ചുവട്ടിൽക്കൂടി മാത്രമല്ല രോമകൂപങ്ങളിൽക്കൂടിയും അത്യന്തം ശക്തിമത്തായ ശബ്ദധോരണിയോടു കൂടി ഫൂൽക്കാരശബ്ദം നാനാ ദിക്കിലേക്കും, കാലു മുതൽ ശിരസ്സുംപ്പെടെയുള്ള എല്ലാ ഇടങ്ങളിൽ നിന്നും വായു അതിശക്തമായും വേഗതയിലും പുറപ്പെടുകയും അത് ദേഹവിസ്മൃതിയെ ചെയ്യുകയും ചെയ്യു. ഇങ്ങനെ ഒന്നുണ്ടാകാമെന്ന് ശ്രീഗോപാലസ്വാമി എന്നോടു സൂചിപ്പിച്ചു തന്നിട്ടുള്ളതുമാണ്. എന്നാൽ ഇത് യോഗ സംഭവമെന്നറിഞ്ഞിരുന്ന ഞാൻ ഇത് പുരുഷ സൂക്ഷ്മസ്വരൂപ വായുവിന്റെ പ്രഗത്ഭതയാണെന്ന് രണ്ടാമതുണ്ടായ അത്ഭുതാനുഭവത്തിൽ നിന്നുമാണറിഞ്ഞത്. ഇതിനുശേഷം വലിയ ഓട്ടപ്പാനയിൽ കാററടിച്ചു കയറുമ്പോഴുള്ള ഒരു പ്രതീതി നിലനിന്നുവന്നു. ഇത് വായുപ്രകടന ശക്തി താങ്ങാനുള്ള ശരീരശക്തി കുറവാണെന്നു തോന്നുകയാൽ ശിരസ്സിനുള്ളിലും പുറമേയും സ്നിഗ്ദ്ധത വരുമാറ് എണ്ണതേപ്പും നെയ്യുപയോഗിക്കലും വർദ്ധിപ്പിച്ചു പരിഹാരം കണ്ടെത്തി.

ഈ രീതിയിലുള്ള അനുഭവങ്ങൾ ശരീരത്തിൽ അഗ്നി, വായു മുതലായവ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെന്നു മനസ്സിലാക്കും. ഇതിന്റെ ഒക്കെ പ്രവർത്തനവും തദ്വാരാ സാക്ഷാത്കാരവും സൂക്തങ്ങളിൽ

തന്നെ അന്തർലീനമാണ്. ആകയാൽ ഉപനിഷത്തുക്കാം പോലെ വേദസൂക്ത അന്ത്യാത്ഥവും വേദാന്തത്തെ കാട്ടുമെന്നാണ് എൻെറ നിഗമനം. ഇതിലേക്കായി നമുക്ക് ശുനശേഫ വൃത്താന്തത്തിലേക്കു കടന്നു നോക്കാം.

വേദത്തിലെ ശുനശേഫ വൃത്താന്തം ആദ്യന്തം അത്ഥവത്താണല്ലോ. വേദത്തിലെ കമ്മജ്ഞാനങ്ങളെ പുരാണത്തിൽ കൂടി ശ്രീവേദവ്യാസഭഗവാൻ തന്നെ പ്രകാശിപ്പിച്ചിട്ടുണ്ട്.

കമ്മങ്ങളനത്ഥങ്ങളാണ്. അതു് വീണ്ടും വീണ്ടും വന്നുകൊണ്ടേയിരിക്കും. കമ്മം കൊണ്ടു് രാഗദ്വേഷങ്ങളും അതിനാലാപത്തുകളുമുണ്ടായിക്കൊണ്ടേയിരിക്കും.

''പണിപ്പെട്ടിട്ടുമതിനാൽ
ജ്ഞാനംതാൻ നേടണം നരൻ''

എന്നാൽ വേദത്തിൽ കർമ്മം ചെയ്യണമെന്നു പറക കൊണ്ടു് കർമ്മം പ്രധാനമല്ലെന്നും പറയാൻ വയ്യതന്നെ. എന്നാൽ മുക്തി ജ്ഞാനത്താലാണ് സാധിക്കാവുന്നതെന്നെടുത്തു പറക കൊണ്ടു് ജ്ഞാനം മുക്തിസാധനമെന്നും വരുന്നുണ്ട്. അതിനാലവ രണ്ടിനേയും എങ്ങനെ സംയോജിപ്പിക്കുമെന്നാണ് ചിന്തിക്കേണ്ടതു്.

''സുതീക്ഷ്ണോ ബ്രാഹ്മണ കശ്ചിത്
സംശയാകൃഷ്ടമാനസാ
അഗസ്ത്യേരാശ്രമം ഗത്വാ
മുനിം പപ്രഛ സാദരം''

''ഭഗവൻ ധർമ്മതത്വജ്ഞ
സർവ്വശാസ്ത്രവിനിശ്ചിത
സംശയോസ്തിമഹാനേക
സ്തവമേദം കൃപയാവദ''

മോക്ഷസ്യ കാരണം കർമ്മ
ജ്ഞാനം വാ മോക്ഷ സാധനം
ഉഭയം വാ വിനിശ്ചിത്യ
ഏകം കഥയ കാരണം

''ഉഭാഭ്യാമേവ പക്ഷാഭ്യാം
യഥാസേ്യ പക്ഷിണാം ഗതി:
തഥൈവ ജ്ഞാനകർമ്മഭ്യാം
ജായതേ പരമം പദം ''

മറെറാന്ന്

''ഈശ്വരാനുഗ്രഹാദേവ
പുംസാമദ്വൈതവാസനാ
മഹദ്ഭയ പരിത്രാണാദ്
വിപ്രാണാമുപജായതേ''

കർമ്മം ജ്ഞാനത്തിന് ഹിതമേ ചെയ്യുകയുള്ളവെന്നും മാനസശുദ്ധി മുതലായവ ജ്ഞാനത്തിനൊഴിവാക്കാൻ സാദ്ധ്യമല്ലാത്ത കർമ്മങ്ങളായി വന്നു കൂടമെന്ന് മുൻപറഞ്ഞ പദ്യശകലങ്ങൾ ചൂണ്ടുന്നുവെന്നു വ്യക്തമാണല്ലോ. ആരംഭ ദശയിൽ താൻ നിർവികാരനായി, നല്ലചിന്തകളിൽ മാത്രമേ ഇടപെടൂ എന്നു തീരുമാനിച്ച് പ്രവർത്തിക്കുമ്പോളാണ് മരുന്നു സേവിക്കുമ്പോൾ കുരങ്ങിനെ ഓർക്കരുതെന്ന വൈദ്യവചസിൻെറ ഗാംഭീര്യമോർത്തു

പോകുന്നതു്. മരുന്നു ഡപ്പിയോടടുക്കുമ്പോഴേക്കും കു .രങ്ങും പ്രത്യക്ഷമാകും. അതുപോലെ നല്ലതേ വി ചാരിക്കൂ എന്നു തീരുമാനം ചെയ്തു് നീങ്ങുമ്പോഴേ നിന്ദ്യചിന്തകൾ അണമുറിച്ചൊഴുകും. ഇതിനു് ബുദ്ധിയുക്തികളോടൊപ്പം കർമ്മവും ഫലം തരുന്നതു കാണാം. ഇതിനെ ഞാൻ ഉദാഹരണത്താൽ വെ ളിപ്പെടുത്താം. ഒരു വീട്ടിലെ രണ്ടു കുട്ടികളിലൊരു ത്തൻ ഒരു ചെറു മൺവെട്ടിയുമായി പറമ്പിൽ ചെ ന്നു് എതാണ്ടു് നൂറു മൂടു് വഴതന നടാൻ തടം വെട്ടി, തടം നനച്ചു ചിക്കി വളവും വിതറി, വഴുതന നട്ടു് കുളിയും കഴിഞ്ഞു വന്നു. അവനുണ്ണാനിരുന്നു. അവ നെന്തെന്നില്ലാത്ത ഒരു പുതുമ നിറഞ്ഞാനന്ദം. മററവ നാകട്ടെ മുനിയെപ്പോലിരുന്നു, പക്ഷേ വർഗ്ഗസഹജ മായ വാസന ഉണർന്നുഷാറായി, അതിമനോഹരി യായ ഒരു പെൺകിടാവിനെ സ്മരിക്കലായി, നാടക ക്കാരുടെ സങ്കല്പരാജ്യം പോലെ ഒരു മായാലോക സൃഷ്ടി നടത്തലായി. ഇങ്ങനെയുള്ളവൻ, മനോശു ദ്ധിരഹിതൻ സാധനാചതുഷ്ടയ സമ്പന്ന രഹിതൻ, സമാധി ശീലിച്ചാൽ, മനനം ചെയ്യുമ്പോഴും കുരങ്ങു കയറിവരും. അതു സംഭവിക്കാതിരിക്കാൻ വേണ്ടി യാണു് ഏററവുമുത്തമമായ ചില മാർഗ്ഗങ്ങൾ വേദ വേദാന്തങ്ങൾ ചൊല്ലുന്നതു്. ഇതു് ലോകനന്മയ്ക്കുമു തകുന്നതാണെന്നതവിതർക്കിതമായി തെളിയിക്ക പ്പെട്ടിട്ടുള്ളതാണു്. ഇങ്ങനെ മൃഗീയവാസന പൊട്ട ന്നനവേ പൊട്ടി പുറപ്പെടാതിരിക്കുവാനാണു് കർമ്മ മാർഗ്ഗം പറയുന്നതു്. ഇതിനുശേഷമത്രേ അറിവിൻെറ അന്ത്യജോതിസായ, ജ്യോതിസാം ജ്യോതിസായ ജ്ഞാനം ഉദയം ചെയ്യുന്നതു്. 'മനോനാശോ മഹോദയ'

സാധനാചതുഷ്ടയാദികൾ സാധിക്കാതെ ധ്യാന മനനാദികൾ ചെയ്യുന്നവർ അത്യന്തം അഗാധതയിൽ നിപതിക്കുവാൻ സാധ്യത വളരെയാണ്.

ഇതുകൊണ്ട് എന്നും കർമ്മവും കൊണ്ടിരുന്നു കൊള്ളണമെന്നർത്ഥമില്ല. ചിത്തശുദ്ധി വരും വരെ മാത്രമേ അതു ചെയ്യേണ്ടതുള്ളൂ.

''ശമം തിതിക്ഷ ദമവും
വൈരാഗ്യം സത്വബുദ്ധിയും
ഉണ്ടാം വരേക്കമാത്രം താൻ
കർമ്മമില്ലതിലപ്പുറം''

അതിൽ പിന്നെ സന്യസിച്ച്
ശുദ്ധാന്തക്കരണത്തൊടും
ബ്രഹ്മജ്ഞനായ ഗുരുവേ
സാദരം സംശ്രയിക്കുക.

അഥാദോ ബ്രഹ്മജിജ്ഞാസ എന്നാണ് സൂത്രവാക്യവും. സാധനാ ചതുഷ്ടയം കഴിഞ്ഞാൽ ബ്രഹ്മത്തിൽ അഭിരുചി വർദ്ധിക്കും.

''കുർവന്നേ വാഹി കർമ്മാണി
ജിജ്ജീവിഷേച്ഛതം സമഃ
ഏവം ത്വയീനാന്യഥേതോസ്തി
ന കർമ്മലിപ്യതേ നരേ''

ഇവിടെ കർമ്മങ്ങൾ ചെയ്യുന്നവനായിട്ട് തന്നെ നൂറുകൊല്ലങ്ങൾ ജീവിച്ചിരിക്കുവാനാഗ്രഹിക്കുക. ഇപ്രകാരമുള്ള മനുഷ്യന്ന് കർമ്മഫലം പററുകയില്ല. ഇതല്ലാതെ മാർഗ്ഗമില്ലതന്നെ. ഇതുപോലെ നിഷ്കാമ കർമ്മ സിദ്ധാന്തത്തിലും പറയുന്നുണ്ട്.

ഇതെങ്ങനെ സാധൂകരിക്കാം. കണ്ണട സ്ഥിരമായി വച്ചുനടക്കുന്ന ഒരുവൻ കണ്ണടവച്ചിട്ടുണ്ടോ ഇല്ലയോ എന്നവനറിയുന്നില്ല. അതിന്റെ ഫലം അവനനു ഭവിക്കുന്നുവെങ്കിലും അതിലവനു പററുതലില്ല. ഇതു തന്നെയാണ് നൂറുവർഷവും പ്രയത്നിച്ചു കഴിയുന്ന ഒരുവനു ഉണ്ടാകുന്ന അനുഭവവും. ദിവസേന തുളസിമാലയോ പിച്ചകമാലയോ ചൂടി നടക്കുന്ന വനു് അതിന്റെ വാസന ശ്രദ്ധേയമാകയില്ല. ഇവിടെ പഴമ നമ്മെ അനുഭവത്തിൽനിന്നും പററുതലിൽ നിന്നും അകററി നിർത്തുന്നു. ഇതു് മനുഷ്യനിർമ്മിതമല്ല. പക്ഷേ ഈശ്വര നിർമ്മിതമാണ്. ഇതിനെയാണ് ഉപനിഷത്തു നമുക്കു പറഞ്ഞുതരുന്നതു്. ഇവിടമങ്ങിനെ നിൽക്കട്ടെ.

ശുനശേഫ വൃത്താന്തത്തിലേക്കു കടക്കാം. ഇവിടെ ശുനശേഫനാണ് ഋഷി. മറെറാരു ശുനശേഫനെ പശുവായി ഗുരുതിക്കു കൊണ്ടു വന്നു കെട്ടിയിട്ടില്ല. ഇവിടെ ഋഷി തന്റെ തന്നെ കെട്ടുകളെ അഴിക്കുന്ന വിധമാണു വിവരിക്കുന്നതു്.

''കസ്യനൂനം കതമസ്യാമൃതാനാം
മനാമഹേ ചാരു ദേവസ്യനാമ
കോനോമഹ്യാ അദിതയേ പുനർദ്ദാൻ
പിതരം ച ദൃശേയം മാതരം ച''

ഇവിടെ ശുനശേഫൻ ഋഷിയാണ്. പ്രജാപതി, അഗ്നി, സവിതാ, വരുണൻ, ഇവരാണ് ദേവതകൾ. മൃത്യു വശഗതനായ മനുഷ്യനാണ് ശുനശേഫൻ. അദ്ദേഹം അമൃതപ്രാപ്തിക്കുള്ള മാർഗ്ഗമാണ് അന്വേഷണ വിഷയം. അതിനു് ആദ്യമായി ദേവക

ളിൽ പ്രഥമനായ അഗ്നിയെ പ്രാപിച്ചു. അഗ്നിയെ ഉപാസിച്ചു. തദനന്തരം സവിതാവിനെ ഉപാസിച്ചു. അതിനും ശേഷമാണ് വരുണനിലെത്തി ചേരുന്നത്. അതിലെ വിവരണം അതിശയകരം തന്നെ. മൂന്നു കെട്ടുകെട്ടിയിട്ടിരിക്കുന്ന വണ്ണം നോക്കുക.

സൂക്തം 14

''അവതേ ഹേളോ വരുണ നമോഭി
രവയജ്ഞേ ഭിരീമഹേ ഹ വിർഭിഃ
ക്ഷയന്ന സ്മഭ്യമസുര പ്രചേതാ
രാജന്നേ നാം സിശ്രുഥഃ കൃതാനി.

ഉദുത്തമം വരുണ പാശ മസ്മ
ദവാധമം വിമധ്യമം ശ്രുഥായ
അഥാവയമാദിത്യ പ്രതേത വാ
നാഗസോ അഭിതയേസ്യാമ''

ഈ ശ്രദ്ധേയങ്ങളായ സൂക്തത്തിൽ ഒന്നിൽ സൂചിപ്പിക്കുന്നത് മൂന്നു കെട്ടു കെട്ടി തന്നെ ബന്ധിച്ചിരിക്കുകയാണെന്നാണ്. അതിൽ ഒന്ന് അധോഭാഗത്തും അതായത്തു താഴ്ഭാഗത്ത് ഒന്നു മധ്യഭാഗത്തും ഒന്ന് ഉത്തമ ഭാഗത്തിലുമാണ്. ഇതിലോരോന്നിനേയും ഓരോവിധത്തിൽ നശിപ്പിച്ചിട്ട് ഉത്തമാംഗത്തിലേയ്ക്ക് മേല്പോട്ടു രിയാലും എന്നാണാവശ്യപ്പെടുന്നത്.

''മൂലാധാരൈക നിലയാ
ബ്രഹ്മഗ്രന്ഥി വിഭേദിനീ
മണി പൂരാന്ത രുദിതാ
വിഷ്ണുഗ്രന്ഥി വിഭേദിനീ

ആജ്ഞാചക്രാന്തരാളസ്ഥാ
രുദ്രഗ്രന്ഥി വിഭേദിനീ
സഹസ്രാരാം ബുജാരൂഢാ
സുധാസാരാഭിവിഷിണീ
തടില്ലതാസമരുചി:ഷഠ
ചക്രോപരി സംസ്ഥിതാ''

മൂലധാരൈക നിലയായ കുണ്ഡലിനീശക്തി, ആ ജീവൽശക്തി, മായാബദ്ധമായി നിദ്രാവലയത്തിൽ നിന്നുമുണന്ന് അതിവേഗത്തിൽ സുഷുമ്നാനാഡിയിൽ പ്രവേശിച്ചു മേൽപോട്ടു ഗമിച്ചു സ്വാധിഷ്ടാനത്തെ പ്രാപിച്ച് അവിടവും കടന്ന് മണിപൂരത്തിലെത്തി അവിടം കടന്നാൽ ആദ്യം പറഞ്ഞ അധോഭാഗത്തെ കെട്ട് അഴിക്കപ്പെടും. ഇതിന് ബ്രഹ്മഗ്രന്ഥിയെന്നാണ് വേദാന്തം കഥിക്കുന്നത്. അതും കടന്ന് ഹൃദയത്തിലുള്ള അനാഹാതത്തിൽ പ്രവേശിച്ച് അതു കടക്കുമ്പോൾ വിഷ്ണുഗ്രന്ഥിയെന്ന കെട്ടു ഭേദിക്കുന്നു. അവിടവും കടന്ന് വിശുദ്ധ ചക്രവും കടന്ന് ഭ്രൂമദ്ധ്യത്തിലുള്ള ആജ്ഞാചക്രത്തിൽ പ്രവേശിക്കുന്നു. ഇതിൽ നിലകൊള്ളുമ്പോൾ താൻ മഹാകാശ വടിവിനു വിധേയമാകും. അതായതു് പ്രപഞ്ചാകാരം വെടിഞ്ഞു് ആകാശവടിവനുഭവപ്പെടുന്നു. ഇവിടെ നിലകൊള്ളുന്ന ജീവനെ വിവരിക്കുന്ന ശ്ലോകങ്ങളുണ്ടു്.

'സ്വരൂപ നഷ്ട ചിത്താസു–
രഖണ്ഡാകാര വൃത്തിമാൻ
ജീവന്മുക്ത ഇതിപ്രോക്ത
സ്വ മിഥ്യാത്വ നിശ്ചയാൽ.''

അതായതു് ഈ ഇടത്തിൽ പ്രവേശിക്കുന്ന ജീവൻ പിന്നെ പ്രപഞ്ച വീക്ഷണമുപേക്ഷിച്ച് ആസ്ഥിതമുള്ളതും എന്നാൽ ശൂന്യസമാനവുമായ മഹാകാശ വടിവായിതീരും, ഇങ്ങനെയുള്ളവനെ ജീവൻ മുക്തനെന്നാണ് വേദാന്തം ഘോഷിക്കുന്നതു്. ഇതിനു്, ഈ കേന്ദ്രത്തിനു് രുദ്രഗ്രന്ഥി എന്നാണ് നാമം ചൊല്ലിവരുന്നതു്. ഇതിനേയും പൊട്ടിച്ച് മേൽപോട്ടുയർന്നാൽ മോചനം സുനിശ്ചിതമാവുകയാണു്. ഇങ്ങനെ വേദ നിർദ്ദിഷ്ട അധമ, മധ്യമ, ഉത്തമ കെട്ടുകൾ ഇവകൾ തന്നെയെന്നു മാത്രമല്ല ഇവകൾ ഭേദിച്ചാൽ മോചനം സുസാധ്യമെന്നും വരുന്നു.

'ഗുരൂപദേശവും വേദ
വാക്യവുംകൊണ്ടഭേദമായ്
നിത്യമേകാഗ്രമായ് ധ്യാനി
ക്കേണമാത്മ സ്വരൂപയെ
മുക്തനാം അതിനാൽ, ആകാ
കർമ്മം മററെന്തു ചെയ്കിലും.

സവിതാവിൻെറ കർമ്മമായ ഉറക്കമുണർത്തലും ഇവിടെ നടത്തുന്നുണ്ടെന്നു കാണാം. അരുണോദയമുണ്ടാകുമ്പോൾ ഉണർത്തപ്പെട്ട താമരകൾ, അധോമുഖങ്ങളായി കൂമ്പി നിന്നവ, നൂന്നു പൊങ്ങി വിടർന്നു പരിമളം പരത്തുന്നു. ആയപോലെ സവിതാവിനാൽ ഉണർത്തപ്പെടുന്ന സഹസ്രദള പത്മം നൂന്നു പൊങ്ങി വിടർന്നു് സുധാഭി വർഷിണിയായി പരിണമിക്കുന്നു. ഇങ്ങനെ സുധാസാഗരമായ വരുണഭഗവൽ പ്രാപ്തി സമ്പാദിച്ച് മൃത്യുംജ്ജയനായി ഭവിച്ച് മോചിതനായി, ഭവിക്കുന്നു. ഇങ്ങനെ ഗ്രന്ഥിഭേദനം

മുഴവൻ കഴിച്ചിട്ടാണ് വരുണാനുഭവം, വരുണാനുഗ്ര ഹമുണ്ടാകുന്നതെന്നറിയണം.

ഇത്രയും കൊണ്ടു് ശുനശേഫവൃത്താന്തമിവിടെ നിറുത്താം.

നമുക്കിനിയും നാസാദിസൂക്തം അൽപ്പം പഠി ക്കാം. ഇതിനെ തനി വേദാന്തമെന്നു പറഞ്ഞാലും തെററില്ല. കർമ്മം ചെയ്യുന്നതിനുള്ള പ്രേരണപോലും ഇതിൽ കാണ്മാനില്ല. പക്ഷേ പ്രപഞ്ചത്തിൻെറ ആദിസ്ഥിതിയും ബ്രഹ്മത്തിൻെറ ആകമാനനില യും ഇതിൽ കഴിവുപോലെ വിവരിക്കുന്നുണ്ടു്. മഹ ത്തുക്കൾ ഇതിനെ മനോഹരമായി വിവരിച്ചിട്ടു ണ്ടു്. നമുക്കു ചില മർമ്മങ്ങൾ മാത്രം പഠിച്ചു മാറാം.

നമുക്കു ചില വസ്തുക്കൾ തന്നിരിക്കുകയാണു്, പഞ്ചഭൂതാത്മകമായ പ്രപഞ്ചം, അതോ സർവ്വത്ര പരിപൂർണ്ണമായതു്. സൂക്ഷ്മാതിസൂക്ഷ്മമായ ആകാശ വടിവാർന്ന ചിദാകാശം, മറെറാന്നു് അണുവിലണു വായ ആത്മാവു്. ഇവ മൂന്നും പിടിച്ചാണു് വേദം അതിൻെറ ബോധവ്യവഹാരം നടത്തുന്നതു്. അ തിൽ ചിലതിനെ നിഷേധിച്ചും മററു ചിലതിനെ താലോലിച്ചും ചെയ്യുന്ന ഏതു വാദഗതിയും അംഗീ കാരയോഗ്യമാകാതെ വരാം. ആകയാൽ അങ്ങനെ പക്ഷപാതപരമല്ലാത്ത ഒരു മാർഗ്ഗമാണവലംബനീ യം. അങ്ങനെയായാൽ വേദവേദാന്തങ്ങൾ ഏകോ പിച്ചുതന്നെ നില്ക്കും. അങ്ങനെയുള്ള സമ്മിളിത ഭാ വത്തിൽകൂടി ഞാനല്പം സഞ്ചരിച്ചുവരട്ടോ.

# 2

വേദത്തിലെ സൂക്തങ്ങളധികവും അതിൻെറ അന്ത്യാർത്ഥം അഥവാ ജ്ഞാനവിവരണം നടത്തു മ്പോഠം അതു് ഉപനിഷത് സമാനമായ വേദാന്ത മണെന്നു വ്യക്തമാകും. നമ്മഠം ഋഗ്വേദത്തിൻെറ അവസാനഭാഗമായ നാസാദി സൂക്തത്തിലാണെ ല്ലോ പ്രവേശിച്ചിരിക്കുന്നതു്. വേദത്തിൻെറ ഓ രോഭാഗത്തിൻെറയും അന്ത്യാത്ഥം വേദാന്തമാണെ ന്നു ഞാൻ പറയുന്നതു് വേദത്തിൻെറ ഏററവും പ്ര ധാനപ്പെട്ട ജ്ഞാനപൊരുളിനെയാണു്. വേദം വിവ രിക്കുന്നതു് ബ്രഹ്മത്തെയും ആത്മാവിനേയും അവക ളുടെ ശക്തിപ്രകടനങ്ങളും ഐക്യവുമാണു്.

വേദത്തിൻെറ ഓരോ ഭാഗത്തേയും വേറെ വേറെ എടുത്തുനോക്കിയാലും വേദമാകമാനം ഒന്നാ യി നോക്കിയാലും ബ്രഹ്മവർണ്ണന സ്ഫുടമായിട്ടറി യാൻ കഴിയും. പ്രയാസപ്പെട്ടെങ്കിലും ഇതിൻെറ പൊരുളുകഠം നിങ്ങളുടെ മുമ്പിൽ നിരത്തി ബോധ്യ പ്പെടുത്താം.

സമുദ്രത്തെ നിങ്ങഠം കാണുക. അതു കണ്ടാൽ മോദവും ഭയവും തോന്നും. മോദം ആത്മാവിൻെറ ഭോജ്യം. ഭയമാകട്ടെ അതുമായി താദാത്മ്യം പ്രാപി ക്കാൻ കഴിയായ്മകൊണ്ടുണ്ടാകുന്നവികാരം. പ്രാ ണനിയന്ത്രണം ശരിക്കും പഠിച്ചു് ഒരാഠം നിർഭയനാ

യി സമുദ്രാന്തർ ഭാഗത്തു് സുഖമായിരുന്നു് തന്നെ മററൊന്നവലോകനം ചെയ്യുക. അവിടെ നിങ്ങൾക്കന്തമററൊരു വ്യാപ്തികാണാം. ഒരു ഘന നീലിമ കാണാം. ആനന്ദത്തിലേക്കാനയിക്കുന്ന ഒരു ഗംഭീരധ്വനി, ഒരു ഗംഭീര മുഴക്കം ശക്തിയായി നിങ്ങൾക്കു കേൾക്കാം. നിങ്ങൾ ശരീരം മറന്നാൽ പോലും ഒരു സാക്ഷി, ഒരു സാക്ഷി ബോധം, ഒരു ദൃക്കു് നിലകൊള്ളുന്നതു് ബോധ്യപ്പെടും. ഇനിയും കുറച്ചു വരിക, ധ്യാനത്തിലേർപ്പെടുക, ദേഹം മറന്നു് സാക്ഷി മാത്രനാകും മുമ്പുതന്നെ, ഈ മുമ്പനുഭവപ്പെട്ട ഘോര മുഴക്കം നിങ്ങൾക്കനുഭവപ്പെടും. ഒന്നുകൂടി മുന്നോട്ടു വരിക. ഒരു സമുദ്രത്തിലും മുങ്ങിയിരുന്നിട്ടില്ലാത്ത വനം വരുക, ധ്യാനമഗ്നനാകുക, ഇവിടെയും സാക്ഷി മാത്രനാകും മുമ്പുതന്നെ ഈ ധ്വനി, ആ ഗംഭീര ഗർജ്ജനം കേൾക്കാൻ കഴിയും. ഇതിനെ ചിലർമേഘഗർജ്ജനമെന്നും പറയും. ഇവയ്ക്കു സ്വൽപ വ്യത്യാസമുണ്ടു്. ഇവയെല്ലാം നമ്മെ 'ദൃക്കു്' എന്ന നിലയിലേക്കു കടത്തി വിടുന്നവയാണു്. ഇവിടെതാനേകനായി നിൽക്കുകയാണു്. ശരിരഭാവന ഉണ്ടെങ്കിൽ അതും സാക്ഷി എന്നൊന്നു തോന്നുന്നുവെങ്കിൽ അതും അഴിയണം.

'ദേഹിക്കു മാലിന്യം ദേഹമെന്നോർക്കണം
ദേഹി മാലിന്യം സാക്ഷിക്കെന്നറിയണം
സാക്ഷി മാലിന്യം ചിത്തിനെന്നറിയണം
ചിത്തുതാനാത്മ ബോധമെന്നറികെടോ'

ഇങ്ങനെ സുഗമമായി ആത്മാവേ അറിയണം. അല്ലാതൊരു നിർമ്മാണവും ആയതിന്നാവശ്യമില്ല

തന്നെ. ഇതുപോലെ വേദം മുഴവനും പഠിച്ചവനാ യാലും ചില സൂക്ʼതങ്ങരം മാത്രം പഠിച്ചവനായാ ലും ഇതിൻെറ ജ്ഞാനപൊരുളുകരം കണ്ടെത്താൻ കഴിയും. അതായത്ʼ സൂക്ʼതം പ്രതി, കണ്ടെത്താവു ന്ന, അറിഞ്ഞാസ്വദിക്കാവുന്ന, അതേ ജ്ഞാന പൊ രുരം തന്നെ വേദസമുച്ചയവും കാഴ്ചവെയ്ക്കും.

''നാ സദാസീന്നോ സദാസീത്തദാനീം—'
നാ സീദ്രജോ നോവ്യോമ പരോയൽ
കിമാവരീവ: കുഹകസ്യ ശർമ്മൻ
അംഭകിമാ സീദ്ʼഗഹനം ഗഭീരം''

ന അസദ്ʼ ആസീൽ—അസത്ʼ എന്നു പറയാവു ന്ന രീതിയിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. നോ സദാസീൽ—സത്ʼ എന്നു പറയാവുന്ന രീതിയിൽ ഒന്നും ഉണ്ടായിരുന്നില്ല. ഉണ്ടെന്നോ ഇല്ലെന്നോ ഒന്നും തന്നെ പറയുവാൻ വയ്യാത്ത നിലയായിരുന്നു. നാസീദ്രജോ—രജസ്സുമുണ്ടായിരുന്നില്ല. ഇതു്ʼ ഹിര ണ്യഗർഭാവസ്ഥയാണു സൂചിപ്പിക്കുന്നതു്ʼ. ലോകാ വിർഭാവത്തിനു മുമ്പു്ʼ കണ്ടെത്തുന്ന ഒരവസ്ഥയാണു്ʼ ഹിരണ്മയകോശം. അപ്രകാരമുള്ള ആ കോശവും അ റിയപ്പെട്ടിരുന്നില്ല, അഥവാ ഉണ്ടായിരുന്നില്ല. അ ന്നമയ കോശമെന്നതു്ʼ ജഡില ശരീരമാണു്ʼ. പര മാത്മാവിൻെറ അഥവാ പുരുഷൻെറ അന്നമയകോ ശം തന്നെയാണു്ʼ വിരാട്ʼ പ്രപഞ്ചം. അതിനുള്ളിൽ നിലകൊള്ളുന്ന ഒന്നാണു്ʼ പ്രാണൻ അതായതു്ʼ പ്രാ ണമയ കോശം. പ്രപഞ്ചത്തിൽ അതു്ʼ ആദിത്യബി ന്ദുസ്ഥാനത്താൽ നിയന്ത്രിക്കപ്പെടുന്നതും മനുഷ്യ ശരീരത്തിൽ മുഖ്യപ്രാണസ്ഥാനത്താൽ സൂചിതവു

മാണതു്. ആ പ്രാണമയകോശത്തിനുള്ളേ വിഹരിപ്പതത്രേ മനോമയകോശം. ഈ മനോമയകോശം വ്യക്'തിഗതമാണെന്നും പ്രപഞ്ചാന്തർ ഗതമല്ലെന്നും വാദിക്കുന്നവർ കണ്ടേക്കാം. എന്നാൽ പ്രപഞ്ചാധിപതിയായ പുരുഷൻ അഥവാ പരമാത്മാ അഥവാ ഈശ്വരൻ മനോസമുച്ചയത്തിൻെറ അധിപതിയാകകൊണ്ടു് വിരട് പ്രപഞ്ചത്തിൽ മനസ്സ് ഏകമായിനിലകൊള്ളുന്നുണ്ടു്. ഇവിടെ മനസ്സും മനസ്സുമായി മാററിക്കാണിക്കുന്ന വിടവില്ല. ഇങ്ങനെ വ്യക്'തിഗതമനോമയകോശം പോലെ തന്നെ ഈശ്വരനും മനോമയകോശത്തെ സമുച്ചയ ഭാവത്തിൽ പോരാ ബൃഹത്'ഭാവത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ടു്. ഇങ്ങനെയുള്ള മനോമയ കോശത്തിനുമുള്ളേയാണു് വിജ്ഞാനമയകോശം നിലനില്ക്കുന്നതു്. ഈ വിജ്ഞാനമയ കോശത്തിനും ബൃഹത്'ഭാവവും സങ്കുചിതഭാവവുമുണ്ടു്. ജീവരാശികളിൽ സങ്കുചിതഭാവവും ഈശ്വരപൊരുളിൽ ബൃഹത്ഭാവവും കാണാം. ഇതിൻെറയും ഉള്ളിൽ ഫലം പോലെ വിളങ്ങുന്നതാണു് ആനന്ദമയകോശം. ഇതു് അനുഭവമെന്ന നിലയിൽ ത്രിപുടിസഹിതം കാണപ്പെടുന്നതുകൊണ്ടു് ആത്മാനന്ദമെന്നു് വേദാന്തികൾ സമ്മതിക്കുകയില്ല. എന്തെന്നാൽ ഇവിടെ ത്രിപുടിനിലനിൽക്കുന്നു. ആത്മവാനു് ആത്മാനന്ദത്തിൽ ആത്മാവും ആനന്ദവും സത്യവും ജ്ഞാനവും ഒന്നുതന്നായിനിലകൊണ്ടു നിൽക്കുന്നുണ്ടു്. ആത്മവാനു ജീവനും ജീവനും—മനസ്സും മനസ്സും തമ്മിലും സത്യവും ജ്ഞാനവും ആനന്ദവും തമ്മിലും വേർപെടുത്തി നിറുത്തുന്ന വിടവില്ല, ഇടമില്ല, അവകാശമില്ല. ആകകൊണ്ടാണു് ആത്മാ

വ്. ഒരു ജീവനുള്ളേ ആണ് ഈ ആനന്ദം അഥവാ ആനന്ദമയകോശം നിലകൊള്ളുന്നതു്. എന്നാൽ സച്ചിദാനന്ദത്തിലെ ആനന്ദം ഒരു ജീവനിലും നിലകൊള്ളുന്നില്ല. ഒരു ജീവനും സച്ചിദാനന്ദത്തിലും നിലകൊള്ളുന്നില്ല. സച്ചിദാനന്ദത്തിൽ സച്ചിദാനന്ദം മാത്രം. അതിനെ ആത്മാവായറിഞ്ഞാലും. ഇതാണ് വേദാന്തനിശ്ചയം. എന്നാൽ ജീവനിൽ നിഴലിക്കുന്ന ആനന്ദം ആനന്ദമയകോശമാണ്. ഈ ആനന്ദമയകോശത്തെ ഉൾക്കൊള്ളുന്ന ഒരു കോശമാണ് ഹിരണ്മയ കോശം. ഇതു് ചിററിമ്പത്തെ അതായതു് വ്യക്തിഗത ആനന്ദത്തെ എല്ലാ ജീവനിലും പരത്താം അഥവാ എത്തിക്കാമെന്നു കരുതി പുറപ്പെടുന്ന ഒരു കോശമാണ്. ഇതാണ് പ്രപഞ്ചകാരണമായി കണക്കാക്കപ്പെടുന്ന ഹിരണ്യഗർഭം അഥവാ ആ രജസ്സ്. ഇവിടെ ആകാശമോ പരലോകമോ ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരു തരം ലോകങ്ങളുമുണ്ടായിരുന്നില്ല. മാത്രമല്ല ഇവകളെ ആവരണം ചെയ്തു കാട്ടിത്തരുന്ന അണ്ഡാകൃതി പ്രതീതിയോ അവിടെങ്ങുമുണ്ടായിരുന്നില്ല. ജീവജാലങ്ങളില്ലാത്ത ആ ഇടത്തിൽ ജീവജാലങ്ങൾക്കവേണ്ടിയുള്ള വസ്തുവകകളുമുണ്ടായിരുന്നില്ല. പുരാണാദികളിലും മററും ജലപ്രളയവിവരണത്തിൽ കാട്ടിതന്നിരിക്കുന്ന അത്യഗാധവും അനന്തഗംഭീരവുമായ സമുദ്രവും അവിടെ ഉണ്ടായിരുന്നില്ല.

''ന മൃത്യുരാസീദമൃതം നതർഹി
ന രാത്ര്യാ അഹ്ന ആസിൽ പ്രകേതഃ
ആ നീദ വാതം സ്വധയാതദേകം
തസ്മാദ്ധന്യന്ന പരഃ കിഞ്ചനാസ:''

ആ അവസ്ഥയിൽ മൃത്യു ഉണ്ടായിരുന്നില്ല. ആയതുപോലെ മരണമില്ലായ്മ എന്നതൊന്ന് അറിയപ്പെടാനില്ല. അഥവാ അറിയപ്പെട്ടിരുന്നില്ല. രാത്രിയെന്നോ പകലെന്നോ ഉള്ള അറിവുമുണ്ടായിരുന്നില്ല. സൂര്യചന്ദ്രന്മാർ സൃഷ്ടിക്കപ്പെട്ടിട്ടില്ലല്ലോ. ഇന്നതെന്നു പറയുവാൻ കൂടി വയ്യാത്ത ഏകമായ അതു് തന്റെ ശക്തിയോടുകൂടി, മായയോടുകൂടി ഇച്ഛയോടുകൂടി നില നിന്നിരുന്നു. അതിൽ നിന്നും അന്യമായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

''തമ ആസിത്തമസാ ഗൂഹ്ളമഗ്രേ
അപ്രകേതം സലിലം സർവമാ ഇദം
തുച്ഛ്യേനാഭ്വ പിഹിതം യദാസീൽ
തപസസ്തന്മഹിനാജായ തൈകം''

ഇരുട്ടിനാൽ ഒന്നും തിരിച്ചറിയാൻ വയ്യാത്ത വിധം അഥവാ പാലു് വെള്ളത്തിൽ കലർന്നാൽ തിരിച്ചെടുക്കുവാൻ കഴിയാത്ത വിധവും പ്രപഞ്ചത്തിലെ നാനാവസ്തുക്കളും മായാന്ധകാരത്താൽ, മൂലാജ്ഞാനത്താൽ വേർതിരിച്ചറിയുവാൻ സാധിക്കാത്തവിധത്തിലായിരുന്നു. അപ്രകാരേണയുള്ള അവകളെ ഏകമെന്ന രീതിയിലായിരുന്ന അവകളെ, ജഗത്തിനെ സ്രഷ്ടാവിന്റെ പര്യാലോചനപര—സങ്കല്പപരമായ തപസിന്റെ, ധ്യാനമനനപരമായ തപസിന്റെ ഫലമായി ഇന്നു കാണുംവിധമായ പ്രപഞ്ചമായിട്ടറിയപ്പെട്ടു.

''കാമസ്തദഗ്രേ സമവർത്തതാധി
മനസോരേത: പ്രഥമം യദാസീൽ
സതോബന്ധുമസതിനിരവിന്ദൻ
ഹൃദിപ്രതീഷ്യാ കവയോ മനീഷാ''

എല്ലാററിനുമാദിയിൽ കാമം, ആഗ്രഹം നിലകൊള്ളുന്നു. ഈ കാലഘട്ടത്തിൽ ആഗ്രഹം അവശേഷിക്കുന്ന ജീവരാശികളുടെ സമുച്ചയം ഈശ്വരരാശിയിൽ ലയിച്ചു നിലകൊള്ളുകയാണ്. ഇവകളുടെ വാസന നശിക്കാതെ കിടക്കുകയുമാണ്. ഇങ്ങനെയുള്ള ഇവകളുടെ ആഗ്രഹം കൊണ്ട് ജഗദീശൻ സൃഷ്ടിയെ ചെയ്യാൻ പ്രേരിതനാകയാണുണ്ടാകുന്നതു്. അങ്ങനെ വന്നപ്പോഠം സൃഷ്ടിസ്ഥിതിസംഹാരപരമായ ആധികാരിക വൈഭവമുള്ള ഈശ്വരൻ സൃഷ്ടിക്കു പ്രേരിതനാകുന്നു. ഈ കാര്യങ്ങളെ അതിക്രമിച്ചു കാണുന്ന ക്രാന്തദർശികളായയോഗികഠം ഇച്ഛാ കർമ്മാദികളാണ് ജഗത്തിൻെറ കാരണമെന്നു മനന ധ്യാനാദിചര്യകഠം കൊണ്ട് വെളിപ്പെടുത്തിത്തരുന്നുണ്ട്.

''തിരശ്ചീനോ വിതതോരശ്മിരേഷാം
അധഃസ്വിദാസീദുപരിസ്വിദാസീൽ
രേതോധാ ആസൽ മഹിമാനമസൻ
സ്വധാ അവസ്താൽ പ്രയതി പരസ്താൽ''

അപ്രകാരമുള്ള അവിദ്യാകാമാദികളെ ആസ്പദമാക്കി തിര്യക്കാദിഭൂതങ്ങളും അവകളുടെ ഭോജ്യത്തിനായി ആകാശാദിഭൂതഗണങ്ങളും, സൂര്യോദയത്തിൽ നിമിഷം കൊണ്ടുതന്നെ ജഗത്തുമുഴവൻ രശ്മി വ്യാപിച്ച് എല്ലാ വസ്തുജാലങ്ങളും തിരിച്ചു തിരിച്ചറിയും പോലെ മായയാൽ മൂടിമറഞ്ഞിരുന്നിരുന്ന ഭൂതജാതങ്ങളാകെ സ്ഥിരങ്ങളും ചരങ്ങളുമായ സർവ്വത്തിലും ഏകകാലത്തിൽ വ്യാപിക്കുന്ന സൃഷ്ടാവിൻെറ ബോധരശ്മിപടലങ്ങളാൽ വേർതിരിച്ചറിയപ്പെടുന്നു.

''കോഅദ്ധാവേദക ഇഹ പ്രവോചൽ
കുത അജാതാ കുത ഇയം വിസൃഷ്ടി:
അർവ്വാൾ ദേവാ അസ്യ വിസർജ്ജനേന
അഥാകോവേദ യത ആ ബഭൂവ''

സൃഷ്ടിയുടെ സത്യാവസ്ഥ—എങ്ങനെ ജാതമായി ഏതിൽ നിന്നും ഏതുപാദാന നിമിത്തകാരണങ്ങളിൽ നിന്നാണ് ജാതമായത്. ഈ വസ്തുതകൾ ആരാണ് അറിഞ്ഞു പറയുവാൻ, ആർക്കാണു പറയുവാൻ കഴിവ്, സർവ്വജ്ഞന്മാരായ ദേവന്മാരുണ്ടല്ലോ എന്നു പറകയാണെങ്കിൽ അവർക്കും സാധ്യമല്ല തന്നെ. ആദിസംഭവങ്ങളായ ആകാശാദിഭൂതങ്ങൾക്കുശേഷം ജാതമായവരാണ് ദേവതകൾ. ആ നിലയിൽ ലോകജാതന്മാരായ ഇതര മാനുഷാദികൾക്കെങ്ങനെ സാധ്യമാം.

''ഇയം വിസൃഷ്ടീര്യത ആ ബഭൂവ
യദിവാദധേ യദിവാന
യോ അസ്യാധ്യക്ഷഃ പരമേവ്യോമൻ
സോ അംഗവേദയദി വാനവേദ''

ഈ കാരണസ്വരൂപത്തിൽനിന്നും നാനാതരത്തിലുള്ള സൃഷ്ടികളുണ്ടാകുന്നു. ഇതിനെ ആ പരമാത്മാ ആ കാരണസ്വരൂപനല്ലാതെ ആരും തന്നെ അറിയുന്നില്ല. അതിനേ പ്രപഞ്ചകാരണമറിവാൻ കഴിയൂ.

ഇത്രയും കൊണ്ട് അവ്യക്തമായി നാസാദി സൂക്ത താല്പര്യം പറഞ്ഞു. ഇനി നമുക്ക് ഇതിന്റെ യാഥാർത്ഥ്യത്തിലേക്കല്പം കടക്കാം.

നാസാദി സൂക്തം കൊണ്ടു് വേദം നമ്മളുടെ മുമ്പിലവതരിപ്പിക്കുന്നതു്, പ്രളയത്തിനു മുമ്പു് ലോകത്തിൽ അറിയപ്പെട്ടിരുന്ന യാതൊന്നും പ്രളയാവസരത്തിലുണ്ടായിരുന്നില്ല.

ആ അവസരത്തിൽ പരമാത്മാവു മാത്രം തൻെറ ശക്തിയെന്നോ മറേറാ വ്യാഖ്യാനിക്കാവുന്ന, മായയോടു കൂടിനിലനിന്നിരുന്നു.

എന്നാൽ പ്രളയത്തിനു മുമ്പുണ്ടായിരുന്നതെല്ലാം സൂക്ഷ്മകാരണാദിരൂപത്തിൽ പരമാത്മാവിൽ നിലകൊണ്ടിരിക്കുന്നുവെന്നും ആകയാൽ സൃഷ്ടികാരണമുണ്ടാകുന്നുവെന്നും പറയുന്നു.

ഇതു് സൃഷ്ടിവിജ്ഞാനീയമാണു്. അതിനു മുമ്പു് എങ്ങനിരിന്നു വെന്നു വേദം പറയുന്നില്ലെന്നു പറക ശരിയല്ല. ഇതിനെയൊക്കെപ്പററി നമുക്കു് കുലങ്കഷമായ ഒരു ചിന്ത തന്നെ നടത്താം.

കാലമെന്നും ദേശമെന്നും വസ്തുതത്വമെന്നു മൊക്കെ ചില പ്രക്രിയകൾ ഇവിടെ കാണുന്നുണ്ടു്. ഇവിടെ നാം പ്രവേശിച്ചു പഠിക്ക തന്നെ വേണം. ആദിയിൽ എന്നു പറയുമ്പോൾ കാലം അംഗീകരിക്കലാണു്. പ്രളയത്തിനുമുമ്പു് എന്നു പറഞ്ഞാലും പ്രളയാവസരം എന്നു പറഞ്ഞാലും കാലത്തെ അംഗീകരിക്കലൊണു്. ലോകമുണ്ടെന്നു പറഞ്ഞാലും ലോകമെല്ലാം നശിച്ചോ, ലയിച്ചോ, പ്രളയമായി, എന്നു പറഞ്ഞാലും, അവരറിയാതെ തന്നെ ദേശത്തിനും അംഗീകാരം കൊടുത്തുപോകുന്നു. പ്രളയപയോധി എന്നു പറഞ്ഞാൽ ദേശത്താലാവരണം ചെയ്ത പയോധി

യേ ആകു. അല്ലെങ്കിൽ പയോധി എന്നു പറക സാധ്യമല്ല. അങ്ങനെ എങ്ങനെല്ലാം പറഞ്ഞാലും ദേശകാലങ്ങളറിയപ്പെട്ടുന്നുണ്ടു്. സത്ത്വത്തേയും അത്ഭുതത്തോടെ നിരാകരിച്ച നാസാദിസൂക്തത്തിലും വളരെ വ്യക്തമായി ഇതിൻെറ അംഗീകാരം വന്നുകൂടിയിട്ടുണ്ടു്. നാസാദി സൂക്തത്തിൽ പരമാത്മാവുണ്ടു്, മായയുണ്ടു്, ദേശമുണ്ടു്, കാലമുണ്ടു്, ജീവനുണ്ടു്, ജീവജാലങ്ങളുണ്ടു്. ഇതെല്ലാം കൊണ്ടു് നമുക്കു കിട്ടുന്നതു് ഒരു തരം വസ്തുസ്ഥിതി വിവരണമാണു്. ഇതിനു സമാനമായി ചില മന്ത്രങ്ങളും ഉപനിഷത്തുകളിലും കാണാം.

''ഓം ആത്മാവാ ഇദമേക<br>ഏവാഗ്ര ആ സീത്, നാന്യത്<br>കിഞ്ചനമിഷത് സാ ഈക്ഷത<br>ലോകാന്നു സൃജാ ഇതി''

ആദിയിൽ ഈ ആത്മാവു് ഒന്നു തന്നെ ആയിരുന്നു. മിന്നുന്നതായോ മിഴിക്കുന്നതായോ മററൊന്നും തന്നെ ഉണ്ടായിരുന്നില്ല. ആ ആത്മാ ലോകങ്ങളെ സൃഷ്ടിക്കണമെന്നു വിചാരിച്ചു. ഇങ്ങനെ ആ ഏകത്തിൽ ഈ സൃഷ്ടിയുടെ കാരണത്തെ പറയുന്നു. നാസാദി സൂക്തത്തിൽ പ്രളയദശയിൽ മുമ്പുണ്ടായിരുന്ന ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്നും മാത്രമല്ല ഇങ്ങനെ ഒരവസ്ഥ ഉണ്ടായിരുന്നു എന്നു പറയുവാനും ഒരുത്തനും തന്നെ ഉണ്ടായിരുന്നില്ല എന്നും വിവരിക്കുന്നു. ആ പരമാത്മാവുമാത്രം അതിനു മുമ്പുണ്ടായിരുന്നു. അതിതിൻെറകാരണ മറിഞ്ഞന്നെും വരാം അറിഞ്ഞില്ലെന്നും വരാം എന്നു വിവരിക്കുന്നു

ണ്ട്. എന്നാൽ ലോകം നിരാശരാകാതിരിക്കുവാനോ എന്നു തോന്നുമാറൊന്നു സൂചിപ്പിക്കുന്നുണ്ട്. ക്രാന്തദർശികളായ, തൃകാലജ്ഞാനികളായ യോഗികരം അവരുടെ തപോനിഷ്ടയാൽ മനന, ധ്യാധ, നിധിദ്ധ്യാസനങ്ങളെ കൊണ്ട് ഇതിൻെറ കാരണമെന്തെന്നറിയുന്നുണ്ടെന്നു വിവരിക്കുന്നുണ്ട്. ഇതിനെ മഹീദാസ ഐതരേയ, ഋഷി വിവരിക്കുന്നതാണ് മുൻമന്ത്രവും തുടന്നുള്ളതും സൂചിപ്പിക്കുന്നതു്.

ഓം

# സാധു ഗോപാലസമാജം

## പ്രസിദ്ധീകരണങ്ങൾ

ശ്രീ ഗോപാല ഗീതാ

വിദ്യാസാഗരസന്ധ്യ

ഗുരു പ്രണാമം

വേദാന്തസാരം (പുനഃപ്രകാശനം)

ശ്രീധരബോധ മനനം

ഉത്തരഗീതാ—(പുനഃപ്രകാശനം)

രാമഗോപാലം

ശ്രീധര വചനാമൃതം—I

,, ,, II

ശ്രീധര പരിദേവനം

മഹാവാക്യപ്പൊരുൾ

സാധു നിശ്ചലദാസന്റെ വിചാരസാഗരം (പുനഃപ്രകാശനം)

ശ്രീധരന്റെ വേദാന്തബോധസുധ

അദ്വൈത ശ്രീധരം

ശ്രീധരം

ശ്രീധരന്റെ വേദാന്തസരണി

ഉപനിഷത് ശ്രീധരപ്രകാരം

ശ്രീധര ശ്രീധരം

ബാലശ്രീധരം

വേദ വേദാന്ത സമന്വയം